

-നിഴലിൽ
ടി. പി. മാത്യു

# അഴലിന്റെ നിഴലിൽ

KOTTAYAM PUBLIC LIBRARY
70693
KOTTAYAM.

ഗ്രന്ഥകർത്താ:

ടി. വി. മാത്യു, ബി. എ., ബി. എൽ.

വൈലത്തൂർ

(ഔദ്യോഗിക ബന്ധമില്ല)

വില ഒരുറുപ്പിക

ഒന്നാം പതിപ്പ് 1955
കോപ്പി 500

പ്രസാധകന്മാർ:
ഹാജി കെ. പി. അഹമ്മത്കുഞ്ഞി & ബ്രദേർസ്,
ബുക്ക്സെല്ലർസ് & പബ്ലിഷർസ്,
കണ്ണൂര്.

അച്ചടി:—
സിൽവർ ജൂബിലി പ്രസ്സ്, കണ്ണൂര്.

KOTTAYAM PUBLIC LIBRARY
KOTTAYAM.

# വിഷയവിവരം


| | | |
|---|---|---|
| 1 | പൂഞ്ചിറകരുളുന്നീ | (കേക) |
| 2 | അവളുടെ സായുജ്യം | (അന്നനട) |
| 3 | ബുദ്ധിയും ഹൃദയവും | (വഞ്ചിപ്പാട്ട്) |
| 4 | കാമത്തിൻെറ കലി | (മലയപ്പുലയനാ... എന്നവൃത്തം) |
| 5 | 'അഴലിലുംപാട്ടും അഴകിൻെറഗാനം' | (അന്നനട) |
| 6 | ന്യായാധിപന്മാരുടെ മുമ്പിൽ | (ശ്ലോകം) |
| 7 | മണ്ണും പൊന്നും | (ഓമനക്കുട്ടൻ) |
| 8 | ശോകഗാനവും പ്രേമദാനവും | (കാകളി) |
| 9 | ഭാവതന്ത്രികൾ സ്പർശിച്ചപ്പോൾ | (കേക) |
| 10 | ഭടൻെറ സ്വപ്നം | (കേക) |
| 11 | നീതിയും സേവയും | (കേക) |
| 12 | സ്നേഹത്തിൻെറ വേദന | (ശ്ലോകം) |

# സമർപ്പണം

—★—

മാതൃനിർവ്വിശേഷമായ വാത്സല്യാതിരേകത്താൽ എന്റെ ബാല്യകാലസ്മരണകളെ മധുരമധുരമാക്കിയും പാവങ്ങളിൽ അലിവു പുരട്ടിയും ദീർഘകാലം ജീവിച്ച് കാലയവനികക്കപ്പുറം തിരോധാനം ചെയ്ത എന്റെ പിതാമഹി ശ്രീമതി തലക്കോട്ടൂര് റോസമ്മയുടെ പാവനസ്മരണയുടെ മുമ്പിൽ ഭക്ത്യാദരപുരസ്സരം സമപ്പിക്കുന്നു.

ടി. പി. മാത്യു

# അവതാരിക

## I

സ്റ്റാലിൻ മരിച്ചിട്ട് ആഴ്ചകൾ ആറേ ആയിട്ടുള്ളു. അന്നൊരിക്കൽ, ലെനിൻഗ്രാഡ് കവയിത്രി ഓൾഗാ ബർഗോൾട്സ് (Olga Berggoltz) ഒരു ലേഖനത്തിൽ പ്രഖ്യാപിക്കുകയുണ്ടായി, തദാനീന്തന റഷ്യൻ കവിതയിൽനിന്ന് മനുഷ്യത്വം—മനുഷ്യജീവിതം— ചോൎന്നുപോയെന്ന്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഏഴു നീണ്ട കൊല്ലക്കാലം റഷ്യൻ കവികൾക്കു കാവ്യവിഷയങ്ങൾ കാട്ടിക്കൊടുത്തു കൊണ്ടിരുന്നതു് ക്രെംലിൻ ആയിരുന്നു. ആ അധികാരകേന്ദ്രം നിൎദ്ദേശിച്ച വിഷയങ്ങൾ ഏവയെന്നല്ലേ? അണകളുടെയും തോട്ടുകളുടെയും നിൎമ്മാണം, വ്യവസായ ശാലകളിലെ ഉല്പാദനം മുതലായവയായിരുന്നു. ഭരണാധികാരികളുടെ അനുഗ്രഹാശിസ്സുകളുടെ ആൎദ്രതയേല്ക്കാത്ത യാതൊരു കവിക്കും റഷ്യൻമണ്ണിൽ നാമ്പെടുക്കുവാൻ കഴിയുമായിരുന്നില്ല. ഇതിൻെറയൊക്കെ ഫലമായി റഷ്യൻ കവിതയിൽ കാവ്യവിഷയത്തിനു പാരമാധിപത്യം കൈവന്നു. അതോടെ കാവ്യശാഖ ഒരപചയദശയിലേക്കു കടക്കുകയുംചെയ്തു. ഈ വിഷയാധിപത്യത്തോടുള്ള പ്രതിഷേധവും അപചയദശയെപ്പററിയുള്ള ഉൽകണ്ഠയുമാണ് ആ പ്രഖ്യാപനംചെയ്യാൻ ഓൾഗാ ബർഗോൾട്സിനെ ധൈൎയ്യവതിയാക്കിയതു്. ഏറൻബേർഗ് (Ehrenburg) മുതലായി വേറെ പലരും ഏറേറ‌റു പാടുകയുണ്ടായി, റഷ്യൻ കവിതയുടെ ഈ ദുസ്ഥിതിയെപ്പററി.

ഇത്തരമൊരവസ്ഥാവിശേഷത്തിലാണ് മലയാള കവിതയും ഇന്ന് എത്തിച്ചേൎന്നിട്ടുള്ളതു് എന്നു പറയേണ്ടിയിരിക്കുന്നു. കേരളവൎമ്മക്കാലത്തും മററും മലയാള കവിത പാദവാക്യ ഛന്ദോലങ്കാര മാത്രരചനയിൽ കൊടികുത്തി വാഴുകയായിരുന്നു. ഇന്നോ? അപകടം വേറൊരുവശത്തുനിന്നാണ്—വിഷയത്തിൻെറ വശത്തുനിന്ന്. വസ്തു

സമരത്തെ തീക്ഷ്ണമാക്കുകയാണ് മനുഷ്യന്റെ അടിയന്തരാവശ്യമെന്നു വിശ്വസിക്കുന്ന ഒരു രാഷ്ട്രീയപ്പാർട്ടിയുടെ കൊടിയടയാളം കാവ്യത്തിൽ കാണുന്നുണ്ടോ എന്നാണ് ഇന്നത്തെ നോട്ടം. ആ കക്ഷിയുടെ ചിന്താഗതിക്കും ആദർശത്തിനും ഇണങ്ങിപ്പോവുന്നതാണ് വിഷയമെങ്കിൽ കവിത ഒന്നാംതരമാണ് എന്നുവരെയായിട്ടുണ്ടിപ്പോൾ. ജീവിതത്തിന്റെ സുഖദുഃഖങ്ങളോടും പ്രകൃതിയുടെ വിലാസലാസ്യങ്ങളോടും തന്റേതായൊരു ബന്ധം പുലർത്തുന്ന ഒരാത്മാവിന്റെ വേണുവിൽ നിന്നുയരുന്ന മാദകമായ ഗാനധാര അന്തഃകരണത്തെ ആർദ്രീഭവിപ്പിക്കുമ്പോൾ 'പിന്തിരിപ്പൻ', 'വിഷാദാത്മകം', 'ഡീക്കേഡൻറ്' എന്നൊക്കെ മുറവിളികൂട്ടുകയായി. ഇദാനീന്തന നിരൂപകന്മാരിൽ പലരും. ഇതുനിമിത്തം കവികളുടെ ശ്രദ്ധമുഴുവൻ കേന്ദ്രീകൃതമായിരിക്കുന്നത്, പുരോഗമനപരങ്ങളെന്നറിയപ്പെടുന്ന കാവ്യവിഷയങ്ങൾ കണ്ടെടുക്കുന്നതിലാണ്. ഇന്ന്, അത്തരം വിഷയങ്ങളുടെ ഏകാധിപത്യം കവിതകളുടെ കലാസൌന്ദര്യത്തെ പുച്ഛിച്ചു പുറംതള്ളിക്കളഞ്ഞു. തദുപരി, എണ്ണമററ സാദ്ധ്യതകളും അതിരററ വിശാലതയും അളവററ വൈചിത്ര്യവുമിയലുന്ന ജീവിതത്തിന്റെ വിവിധ വർണ്ണാഞ്ചിതങ്ങളായ ഭിന്നഭിന്ന ചിത്രങ്ങളെ കവിതയിൽനിന്നു ബഹിഷ്ക്കരിക്കയും ചെയ്തു. അങ്ങിനെ ഒരേതരത്തിലുള്ള കവിതകൾ ഒരേവേഷത്തിൽത്തന്നെ പുറപ്പെടുകയായി. ഈ ദുഃസ്ഥിതിയിൽ, ഭിന്ന ഭിന്ന വിഷയങ്ങളെ അധികരിച്ച് ഭിന്ന ഭിന്ന രൂപങ്ങളിൽ രചിതങ്ങളായ കവിതകൾ വായനക്കാർക്കു വിശേഷിച്ചും ഹൃദ്യമായിരിക്കും എന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ടുതന്നെ ഈ കാവ്യസമാഹാരത്തെ സഹൃദയന്മാർ സസന്തോഷം സ്വാഗതം ചെയ്യുമെന്ന് ഞാൻ വിചാരിക്കുന്നു.

ശരശയ്യയിൽ കിടക്കുന്ന ജീവിതത്തിന്റെ വ്രണങ്ങളിൽ സുഖലേപം പുരട്ടുന്ന പ്രകൃതിയുടെ ലാവണ്യം; കാമുകന്മാർക്കു കോരിത്തരിപ്പുളവാക്കുന്ന പ്രേമത്തിന്റെ ഉന്മത്തത; ജീവിതസൌഭാഗ്യത്തിന്റെ കടയ്ക്കൽ വെണ്മഴുവീഴ്ത്തുന്ന കാമത്തിന്റെ കലിതുള്ളൽ; അഴലിന്റെ നിഴലിലും ആനന്ദത്തിന്റെ ഗാനം മുഴക്കിക്കുന്ന അഴകിന്റെ കൊഴുപ്പ്; ഏതു കടുംകൈയും ചെയ്യാൻ അറയ്ക്കാത്ത ദാരിദ്ര്യത്തിന്റെ ദാരുണ്യം; പട്ടിണിയുടെ കഷ്ടതയിലും ശരീരമനസ്സുകൾ കളങ്കിതമാവാ

തെ സൂക്ഷിക്കുന്ന പരിശുദ്ധിയുടെ ധീരത; യുക്തിചിന്തകൾകൊണ്ടു തണുത്തു മരവിച്ച മനുഷ്യമനസ്സിൽ ചുടുജീവൻ പകരുന്ന ഭാവത്തിന്റെ പ്രവാഹം; തിക്താനുഭവങ്ങളിൽ മധുരിമവിതറുന്ന സൗഹൃദത്തിന്റെ വേദന—ഇങ്ങനെ വിവിധ വിഷയങ്ങളെപ്പററിയാണ് ഈ കാവ്യസമാഹാരത്തിൽ ശ്രീ. മാത്യു പാടുന്നതു്. ഇതാ, ജീവിതവീണയുടെ പല കമ്പികളും മുറുക്കിവെച്ചിരിക്കുന്നു. നമ്മുടെ യുവ കലാകാരന്റെ കൈവിരലുകൾ അവയിൽ ഓരോന്നിലും മാറിമാറിയെത്തുന്നു. ഓരോന്നിന്റേയും നാദം ഓരോ പ്രകാരത്തിലാണ്.

ഈ വിഷയ വൈവിധ്യം അഭിലഷണീയമാണെങ്കിലും, അതാണ് ഈ കാവ്യസമാഹാരത്തെ പ്രശസ്യമാക്കുന്നതു് എന്നു് എനിക്കു് അഭിപ്രായമില്ല. കാരണം, കവിതയെ പ്രശംസിക്കുകയോ അഭിശംസിക്കുകയോ ചെയ്യേണ്ടതു് അതിന്റെ വിഷയം നോക്കിയല്ല, കലാസൌഭഗത്തിന്റെ ഏററക്കുറച്ചിൽ പരിഗണിച്ചാണ്. അതായതു് കവിതയെ ഒരു കലാരൂപമായി കാണുകയും നിരൂപിക്കുകയും വേണം. ക്ലൈവ് ബെൽ (Clive Bell) പറയുമ്പോലെ, കലാകാരൻ തനിക്കുണ്ടായ അനുഭൂതികൾക്ക് അർത്ഥഗർഭമായ രൂപം നൽകി അവയെ ആവിഷ്ക്കരിച്ചതെങ്ങിനെ എന്നതായിരിക്കണം കലാസൃഷ്ടിയുടെ മൂല്യനിർണ്ണയത്തിനുള്ള മാനദണ്ഡം. ഈ തത്വം കവിതയെ മുൻനിർത്തി അല്പമൊന്നു വിശദീകരിക്കാം.

കവിയുടെ നേത്രാദികളായ ഇന്ദ്രിയങ്ങൾ ബാഹ്യപ്രപഞ്ചത്തിൽ സഞ്ചരിച്ചുകൊണ്ട് വിവിധാനുഭൂതികളെ സഞ്ചയിക്കുന്നു. കവിഹൃദയം സന്നദ്ധമാണെങ്കിൽ അവയെ സ്വീകരിച്ച് ബോധമണ്ഡലത്തിൽ പ്രതിഷ്ഠിക്കുന്നു. അവയാണ് കവിതയ്ക്കു ബീജഭൂതമായ, അടിസ്ഥാനപരമായ, അനുഭൂതികൾ. അവയെ കാവ്യവിഷയങ്ങളെന്നു നാം പൊതുവെ വ്യവഹരിക്കുന്നു. കവിഹൃദയത്തിലെ വികാരവിശേഷങ്ങൾ ആ അനുഭൂതികൾക്ക് ജീവനും ഓജസ്സും പ്രദാനംചെയ്യുന്നു. അതോടെ കവിമനസ്സിന്റെ അജാഗരിത തലങ്ങളിൽ നിർലീനങ്ങളായ്ക്കിടക്കുന്ന നിരവധി ഭൂതകാലാനുഭൂതികൾ ഭാവനാശക്തിയാൽ വിളിച്ചുണർത്തപ്പെടുന്നു. പിന്നെ, ആ ഭൂതകാലാനുഭൂതികൾ ബോധമണ്ഡലത്തിൽ അണിനിരന്ന് അനേകമനേകം ചിന്തകളെ ഉന്മിഷിതങ്ങളാക്കുന്നു.

അടുത്തപടിയിൽ, ആ വിഷയവും വികാരങ്ങളും സങ്കല്പങ്ങളും ചിന്തകളും പരസ്പരം കൊണ്ടും കൊടുത്തും, ചേരേണ്ടതിൻപടി ചേൎന്ന്, ഒരു മഹാനുഭൂതിയായി രൂപാന്തരം പ്രാപിക്കുന്നു—കടലിൻ നടുവിൽ കിടക്കുന്ന മുത്തുച്ചിപ്പിയിൽ ചെന്നുവീഴുന്ന വെള്ളത്തുള്ളി കാന്തിയും മൂല്യവും വായ്ക്കുന്ന മുത്തുമണിയായിപ്പരിണമിക്കുന്നതുപോലെ. ഈ മഹാനുഭൂതിയെ നമുക്ക് കാവ്യപരമായ അനുഭൂതി എന്നു വിളിക്കാം. അതിനെ പിന്നെ കവി പദവാക്യങ്ങളിലൂടെ ആവിഷ്ക്കരിക്കുമ്പോൾ കവിതയായി. ആ കവിത ആസ്വദിക്കുന്ന ഭാവുകഹൃദയം കവിയുടെ കാവ്യപരമായ അനുഭൂതിയെ സ്വകീയമാക്കുന്നു. ആ മഹത്തായ അനുഭൂതി ആസ്വാദകന്റെ മനസ്സിൽ ഒരു അഴിച്ചുകൂട്ടൽ നടത്തുകയും അയാളും പരിതഃസ്ഥിതിയും തമ്മിലുള്ള പൊരുത്തക്കേടിനെ പരിഹരിക്കുകയും ചെയ്യുന്നു. അതിനാൽ, സഹൃദയപക്ഷത്തുനിന്നുകൊണ്ടു പറയുമ്പോൾ, ആ കാവ്യപരമായ അനുഭൂതി കാവ്യാസ്വാദനം കൊണ്ടുണ്ടാകുന്നോ എന്നതാണ് ഏററവും പ്രധാനം. അതായത്, കാവ്യനിരൂപണത്തിൽ പ്രഥമവും പ്രധാനവുമായ ചോദ്യമിതാണ്. കവിതയ്ക്കു ബീജമായി നില്ക്കുന്ന അടിസ്ഥാനപരമായ, അനുഭവം കാവ്യപരമായ അനുഭൂതിയായി വികസിക്കുകയും അതിനെ കവി ഭാഷയുടെ കഴിവുകളെല്ലാം പ്രയോജനപ്പെടുത്തി ലളിതോജ്ജ്വലമായി ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ടോ? പദവാക്യങ്ങളുടെ വാച്യവും ലക്ഷ്യവും വ്യംഗ്യവുമായ അൎത്ഥങ്ങളിലൂടെ കവി ആവാഹിക്കുന്ന ഭാവങ്ങളും ചിത്രങ്ങളും ചിന്തകളും പരസ്പരം ഇഴകിച്ചേൎന്ന് ശബ്ദസംഗീതമുണൎത്തുന്ന വൈകാരികാവസ്ഥയുമായി പൊരുത്തപ്പെട്ട് നിങ്ങളുടെ ഹൃദയത്തിന്റെ ആഴത്തിൽ കുത്തനെ വന്നുവീഴുന്നുണ്ടോ? സ്വന്തം ഇന്ദ്രിയാനുഭവങ്ങളും വികാരങ്ങളും സങ്കല്പങ്ങളും ചിന്തകളുംകൊണ്ടു കവി നെയ്തെടുത്ത കലാനിൎമ്മിതി നിങ്ങളുടെ ഹൃദയംകൊണ്ടു തടവിനോക്കുമ്പോൾ ജീവചൈതന്യംകൊണ്ടു സ്പന്ദിതമായും ആദിമദ്ധ്യാന്തങ്ങളൊത്തു സുഘടിതരൂപമായും നിങ്ങൾക്ക് അനുഭവപ്പെടുന്നുണ്ടോ? നിങ്ങളുടെ ഹൃദയത്തെ വിസ്തൃതവും വികസിതവും ഉജ്ജ്വലവുമാക്കുന്ന സൗന്ദൎയ്യവും ഉദാരതയും ആ കവിതയ്ക്കുണ്ടോ? ഇങ്ങനെ ചില നിലപാടുകളിൽ നിന്ന് കവിതയെ നോക്കിക്കണ്ടാണ് അതിന്നു വിലയിരുത്തേണ്ടത്.

അങ്ങനെ ചെയ്യുമ്പോൾ ഈ കാവ്യസമാഹാരത്തിലെ കവനങ്ങളെപ്പററി സഹൃദയന്മാക്ക തോന്നുന്നതെന്തു്? അവയിൽ ഭൂരിപക്ഷവും ഒന്നാംതരം കലാസൃഷ്ടികളാണെന്നു തന്നെ. ഒന്നുരണ്ടു കവിതകളുടെ സ്വഭാവം മാത്രം ഇവിടെ അപഗ്രഥിച്ചുനോക്കാം.

മനുഷ്യന്റെ ബുദ്ധി വളരെയധികം വളൎന്നുകഴിഞ്ഞിട്ടുണ്ട്. അനുനിമിഷമെന്നോണം അതു വളൎന്നുകൊണ്ടിരിക്കുകയുമാണ്. എന്നാൽ, ബുദ്ധിയുടെ വിജൃംഭണത്തിന്നനുസരിച്ച് അവന്റെ ഹൃദയത്തിനു വികാസമുണ്ടാകുന്നില്ല. പോരാ; അവന്റെ ഹൃദയം ചുരുങ്ങിച്ചുരുങ്ങി വരുന്നു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. അവന്റെ ഹൃദയത്തെ—സ്നേഹം, വാത്സല്യം, ഭൂതദയ മുതലായ മൃദുലവികാരങ്ങളെ-ചവുട്ടിയരച്ച് അവന്റെ ബുദ്ധിചാതുൎയ്യം നഗ്നബീഭത്സതാണ്ഡവം നടത്തുകയാണിന്ന്. സ്വാഭീഷ്ട സമ്പാദനത്തിനുവേണ്ടി മാനുഷികമൂല്യങ്ങളെ വേരോടെ പിഴുതെറിഞ്ഞ് വ്യക്തികളും സംഘടനകളും കാട്ടിക്കൂട്ടുന്ന കുചേഷ്ടിതങ്ങളും, സൎവ്വസംഹാരകങ്ങളായ ഹൈഡ്രജൻ ബോംബിന്റെയും മററും നിൎമ്മാണ സംഭാരങ്ങളിൽ പ്രബലരാഷ്ട്രങ്ങൾ കൈക്കൊണ്ടിരിക്കുന്ന ത്വരാമാത്സൎയ്യങ്ങളും ഈ പരമാൎത്ഥത്തിന്റെ ഉത്തമനിദൎശനങ്ങളല്ലേ? ഈ അവസ്ഥ തുടൎന്നാൽ മനുഷ്യരാശി വിനാശത്തിന്റെ വ്യാദീൎണ്ണമായ വക്ത്രഗഹ്വരത്തിൽ പെട്ടുപോകും. അതിനാൽ, ഹൃദയത്തെ തകൎത്തുകൊണ്ടുള്ള ബുദ്ധിയുടെ മുന്നേററത്തിൽ—മനുഷ്യന്റെ ശാസ്ത്രീയപരമായ പുരോഗതിയിൽ—ഇന്നത്തെ മനുഷ്യസ്നേഹികൾ ആശങ്ക പൂണ്ടിരിക്കുന്നു. ഈ ആശങ്കയ്ക്കു് കലാസുന്ദരമായൊരു രൂപം കൊടുത്തതാണ് "ബുദ്ധിയും ഹൃദയവും" എന്ന കവിത.

മേഞ്ഞുനടക്കുന്ന ഒരാട്ടിൻകുട്ടി പാഞ്ഞുവരുന്ന തീവണ്ടിയുടെ 'എഞ്ചിൻഫണം' തട്ടി ദൂരെത്തെറിച്ചു ചത്തുവീഴുന്നതാണ് ഇതിലെ പ്രമേയം. ഈ സ്ഥൂലസംഭവത്തെ കേന്ദ്രമാക്കി കവി തന്റെ മനോവൃത്തികളുടെ ഒരു മനോഹരചിത്രം എഴുതിക്കാട്ടുന്നു.

"കൊച്ചുകുന്നിൻ നിര മൂടൽമഞ്ഞാം കൊതുവലയ്ക്കുള്ളിൽ
പച്ച പുതച്ചുദയത്തിലുറങ്ങിടുന്നു
കരിമ്പാറത്തലപ്പാവുണ്ടവയ്ക്കു്" എന്നാണ് കവിതയാരംഭിക്കുന്നതു്. ഈ തുടക്കംതന്നെ നമ്മെ പെട്ടെന്ന് പുലർകാലശ്രീയണിഞ്ഞ

ഒരു ഗ്രാമപ്രദേശത്തെത്തിക്കുന്നു. ഉചിതമായ സ്ഥലകാല നിർദ്ദേശം എന്ന നിലയിൽ മാത്രമല്ല ഈ വരികൾ മനോഹരമായിട്ടുള്ളതു്. കവിയുടെ ആശങ്കയ്ക്കു വിഷയമായ മനുഷ്യവർഗ്ഗത്തിന്റെ ഏതൽ കാലാവസ്ഥയുടെ ഒരു 'സിംബൽ' എന്ന നിലയിലാണ് അതു കൂടുതൽ ഹൃദയംഗമമായിരിക്കുന്നതു്. "യന്ത്രത്തലച്ചോറുള്ള" മനുഷ്യൻ തന്റെ പരിഷ്ക്കാരം കെട്ടിപ്പൊക്കിയ ഉയർച്ചയിൽ അന്തസ്സാരശൂന്യങ്ങളായ ഭോഗസാമഗ്രികൾക്കു മദ്ധ്യേ ആത്മീയമായ പ്രബുദ്ധതയില്ലാതെ മയങ്ങിക്കിടക്കുന്ന ഒരു ചിത്രം ഈ വരികളുടെ മൂടുപടത്തിനുള്ളിലൂടെ സൂക്ഷ്മദൃഷ്ടികൾക്കു കാണാൻ കഴിയും. ആ പൊന്നുംചിങ്ങപ്പുലരിയെ വർണ്ണിക്കുകയാണ് കവി അടുത്തുചെയ്യുന്നതു്. പ്രഭാതകാന്തി ചിന്തുന്ന ഒരു കേരളഗ്രാമത്തെ ഉററുനോക്കിയിട്ടുള്ള ആരുടെ ഹൃദയവുമായി സംവദിക്കത്തക്ക ഒരഴകുണ്ട് ആ ഹ്രസ്വ വർണ്ണനയ്ക്കു്. പ്രകൃതിയുടെ ജീവനും സൗന്ദര്യവും കവിഹൃദയത്തിലുളവാക്കിയ ആഹ്ലാദത്തള്ളലിന്റെയും ആത്മ വിസ്മൃതിയുടെയും വ്യഞ്ജകമെന്ന നിലയിലാണ് ആ വർണ്ണന ഏറെ ശോഭിക്കുന്നതു്. ഇതാ, രംഗം മാറുന്നു. സഹ്യപർവ്വതത്തെ തുളച്ചുകൊണ്ടു് ഓടിയെത്തുന്ന ഒരു തീവണ്ടി.

"പുലരിതൻ തരളമാം ഹൃദയത്തിൻ നേർക്കുപായും

തലച്ചോറിൻ നിശിതമാം ശരംകണക്കേ" എന്നു തുടങ്ങി കുറച്ചു വാക്കുകൾകൊണ്ടു് കവി വർണ്ണിക്കുന്ന ആ തീവണ്ടിയുടെ വരവ് മനുഷ്യമസ്തിഷ്ക്കത്തിന്റെ അത്ഭുതാവഹമായ വിജൃംഭണത്തെ സൂചിപ്പിക്കുന്നു. കവിതയുടെ ആദ്യഭാഗത്തോടു സുന്ദരമായി ഘടിക്കുംവണ്ണമുള്ള മദ്ധ്യഭാഗം' സന്ദർഭഭേദേന കവിയിൽ ഉദ്ദീപ്തമായ ഭയാശങ്കകളെ ധ്വനിപ്പിക്കുംവണ്ണം കവി ആ വർണ്ണന സാധിച്ചിരിക്കുന്നു. തീവണ്ടിപ്പാതയിൽ മേഞ്ഞെറിച്ചെല്ലുന്നു ഒരാട്ടിൻകുട്ടി. കല്ലുകൾക്കും രോമാഞ്ചമുണ്ടാക്കുന്നതാണ് ആ കുട്ടിയാട്. പിന്നെ അതു് മൃദുലഹൃദയനായ കവിക്കുണ്ടാക്കിയ മാനസികാനുഭവം എന്തെന്നു പറയേണ്ടതുണ്ടോ? ആ നിഷ്ക്കളങ്കജീവി തീവണ്ടിയുടെ 'എഞ്ചിൻഫണം' തട്ടി പ്രാണവേദനയോടുകൂടി ഒന്നു കരഞ്ഞു ചത്തു വീഴുമ്പോൾ മൂകപ്രകൃതിക്കുണ്ടാകുന്ന ഭാവപ്പകർച്ചയാണ് കവി പിന്നെ വിവരിക്കുന്നതു്. ദയനീയമായ അക്കാഴ്ച കവിയിലുണ്ടാക്കിയ പ്രതികരണം.

"അപ്രാണരോദനമെന്നിലാഴത്തിൽ മാറെറാലിക്കൊണ്ടു;

ഇപ്പോഴുമാ രംഗമോർത്താലാവർത്തിച്ചീടും" എന്ന ഈരടിയിൽ കവി ആവിഷ്ക്കരിക്കുന്നു. എന്നിട്ട് കവിത ഉപസംഹരിക്കുന്നു.

"ആർദ്രമാക്കാൻ കഴിവുള്ള ഹൃദയത്തിൽ നിന്നകന്നാൽ

ബുദ്ധിയൊററയ്ക്കോടി വിശ്രമം ചാമ്പലാക്കീടും." അങ്ങനെ കവിതയുടെ ഈ അന്ത്യം ആദിമദ്ധ്യങ്ങളോട് ഇഴുകിച്ചേർന്നിരിക്കുന്നു. ഇത്, നിങ്ങൾ ഭാവനയിൽ അനുഭവിച്ച ആ യാഥാർത്ഥ്യത്തിന്റെ വാഗ്രൂപേണയുള്ള പ്രകടനം മാത്രമാണ്.

ഇപ്പറഞ്ഞുവെച്ച കാര്യം ഇവിടെ ഒന്നു സംഗ്രഹിക്കാം. പ്രഭാതകാന്തിയാൽ പരിവേഷ്ടിതമായ പ്രകൃതിയുടെ വർണ്ണന, ഭീഷണമായി പാഞ്ഞെത്തുന്ന തീവണ്ടിയുടെ വർണ്ണന, തീവണ്ടിപ്പാതയിലേക്കു മേഞ്ഞെത്തുന്ന കുഞ്ഞാടിന്റെ വിവരണം, പ്രകൃതിയിലുണ്ടായ വ്യതിയാനത്തിന്റെ വർണ്ണന എന്നിവയും അവയ്ക്കുവേണ്ടി പ്രയോഗിച്ച പദവാക്യാലങ്കാരങ്ങളുമെല്ലാം പൊടിപാറിയിട്ടുണ്ട്. അതാണ് ഈ കവിതയുടെ രൂപശില്പം. ഈ രൂപശില്പത്തിൽ, കവിക്കു സന്ദർഭവിശേഷത്താലുണ്ടായ ആഹ്ലാദം, ഭയം, ശോകം, ഉൽകണ്ഠ മുതലായ വിചിത്ര ഭാവങ്ങളെ ഇണക്കിയടുക്കി സമുചിതമായി വിന്യസിച്ചിരിക്കുന്നു. ഈ വിചിത്രഭാവ വിന്യാസമാണ് ഇക്കവിതയുടെ ഭാവശില്പം. ഭാവരൂപശില്പങ്ങൾ വേർതിരിഞ്ഞു നില്ക്കുന്നതായി ആസ്വാദനദശയിൽ തോന്നുകയുമില്ല. അതിനാൽ ഭാവഭദ്രതയും രൂപഭദ്രതയും ഒത്തിണങ്ങിയ ഒരൊന്നാന്തരം കലാസൃഷ്ടിയാണ് ഇക്കവിത.

മനുഷ്യജീവിതത്തിന്റെ സൌന്ദര്യത്തെ എന്നും വ്രണിതമാക്കിയിട്ടുള്ള ഒരു പ്രാകൃത ഭാവമാണല്ലോ കാമാവേശം. യുവതീ യുവാക്കന്മാരുടെ സഹജാമലരാഗത്തിൽ അസൂയയും കോപവും പൂണ്ട കാമകിങ്കരന്മാർ, കേട്ടാലറയ്ക്കുന്ന കടുംകൈകൾചെയ്തു് സംതൃപ്തിയടയാറുണ്ട്. പർവ്വതങ്ങളുടെ പൗരാണികതചത്തോടുകൂടിയ ഈ മനുഷ്യസ്വഭാവത്തെ ആധുനികമായ പശ്ചാത്തലത്തിലും വേഷത്തിലും അവതരിപ്പിച്ചതാണ് 'കാമത്തിന്റെ കലി' എന്ന കവിത. ആ കുന്നിൻ ചെരിവിൽ കാണപ്പെടുന്നു ഒരു പഴയവീട്; അതു് ഒരു കാലത്തു് ഒരു വലിയതറവാടായിരുന്നു; കാലത്തിന്റെ കനത്തകരം അതിന്റെ പ്രാഭവ

പ്രൗഢികളെ തകൎത്തുകളഞ്ഞു; കുലതന്തുക്കളായി രണ്ടു പെൺകിടാങ്ങൾമാത്രം ശേഷിച്ചു; പുരയിടം വാങ്ങിയ മുതലാളി ആ പെൺകുട്ടികളെ ആ വീട്ടിൽനിന്നു് ഇറക്കി വിട്ടില്ല; പടിയ്ക്കലെ പുലയൻ ചാത്തനായി അവരുടെ താങ്ങും തണലും; കൂലിപ്പണികൊണ്ടു് അവൻ സ്വമാതാവിനെയും ആ പെൺകിടാങ്ങളെയും പോററിപ്പോന്നു; പെൺകുട്ടികൾ നവയൗവനാരൂഢരായി; യുവകാമകിങ്കരർ പലരും ആ യൗവനാസവം പാനംചെയ്യാൻ കൊതിയും വെമ്പലും പൂണ്ടു; എങ്കിലും ചാരിത്ര്യം വില്ക്കുവാൻ തരുണികൾ സന്നദ്ധരായില്ല; പുലയനോടവൎക്കുള്ള സൗഹൃദം വൎണ്ണഭേദംപൂണ്ടു് പ്രണയമായിത്തെളിഞ്ഞു; അവർ അവന്റെ കണ്ഠത്തിൽ വരണമാല്യമൎപ്പിച്ചു; അതോടെ കാമക്കലിതുള്ളിയ വിടസംഘത്തിന്റെ കോപാഗ്നിയിൽ ചാത്തൻ ഭസ്മീഭൂതനായി; അവന്റെ മൃതദേഹം ആ 'ഭൂതക്കിണ'ററിൽ നിന്നാണു് കരയ്ക്കു കയററിയതു്; അധികാരികൾ മൃതദേഹം പരിശോധനകഴിച്ചു് മറചെയ്യാൻ അമ്മയ്ക്കു വിട്ടുകൊടുത്തു; ശവശരീരം പേറിക്കൊണ്ടു് ചുടുകാട്ടിലേക്കു പോയതു് ആ പെൺകിടാങ്ങളായിരുന്നു; ചുടലത്തീയ്യിൽചാടി അവരും അവരുടെദേഹം ദഹിപ്പിച്ചു; ആ വലിയപുര കത്തിച്ചു് അതിൽ ചാത്തന്റെ അമ്മയും ദഹിച്ചു —ഇതാണു് 'കാമത്തിന്റെ കലി'യിലെ ഇതിവൃത്തം.

കഥാഘടനയിൽത്തന്നെ കവി തന്റെ കലാകുശലത വെളിപ്പെടുത്തിയിരിക്കുന്നു. കാലാനുപാതംനോക്കി കഥയങ്ങിനെ പറഞ്ഞുപോകയാണല്ലൊ പതിവു്. നമ്മുടെ കവിയാകട്ടെ ഏതാണ്ടൊരു നാടകീയവിധത്തിലാണു് ഇതിവൃത്തത്തെ കവിതയിൽ കൊള്ളിച്ചിട്ടുള്ളതു്. കഥയുടെ മൎമ്മസ്ഥാനീയമായ ഒരു ഘട്ടമെടുത്തുപക്രമമാക്കി, അതിന്റെ വിശദീകരണമെന്ന നിലയിൽ തൽപൂൎവ്വാപരഭാഗങ്ങൾ ഇണക്കിക്കാണിച്ചിരിക്കുന്നു.

"വളരുന്നതാരുണ്യത്തള്ളലമൎത്തുവാൻ
പുലയന്റെ വെപ്പാട്ടിമാൎകളായി,
തറവാടും ജാതിയും വിററൊരാവേശ്യക-
ളിരുവരുമശ്ലൂവം പേറിടട്ടെ!

മദമോടത്തരുണന്റെ ചൈതന്യമുദരത്തിൽ
ഭൂതമാക്കിപ്പിന്നീമാറിപ്പോട്ടേയവർ'' എന്നിങ്ങനെ ഗ്രാമവീഥിയിലെ ആർത്തുവിളികൊണ്ടാണ് 'കാമത്തിന്റെ കലി' യുടെ ഉപക്രമം. അതു കേൾക്കുമ്പോൾത്തന്നെ അനുവാചകന്റെ ആകാംക്ഷ കൊടുമ്പിരികൊള്ളുകയായി. ആ പുലയനാര്? അവന്റെ 'വെപ്പാട്ടിമാ'രേത്? അശ്ശവമാരുടേത്?—എന്നിങ്ങനെ യൗഗപദ്യേന ഉദയംകൊള്ളുന്ന നിരവധി ചോദ്യങ്ങൾക്കു സമാധാനമെന്ന മട്ടിൽ കവി കഥാകഥനം നിർവ്വഹിക്കുന്നു. ആദ്യമായി ആ ഗ്രാമവീഥിയെ യഥാതഥമായി കവി വർണ്ണിക്കുന്നു. പിന്നെ ഒരു പായ്ച്ചുരുളിൽ അശ്ശവം കെട്ടിയേറ്റി നടക്കുന്ന ഇരു യുവതിമാരുടെ രൂപം വർണ്ണിക്കുകയായി. അതങ്ങനെ തുടർന്ന് ആ പിടമാൻ മിഴികളെ കണ്ണേറിഞ്ഞു കൂടെയെത്തുന്ന വിടസമൂഹത്തെ അവതരിപ്പിക്കുന്നു. അവരങ്ങനെയകന്നു പോകുമ്പോൾ ഒരു വൃദ്ധൻ പറയുന്ന വാക്കുകളിലൂടെ പൂർവ്വകഥാംശങ്ങളെല്ലാം ത്യാജ്യഗ്രാഹ്യ വിവേചനത്തോടുകൂടി കവി വിവരിച്ചു പറയുന്നു. ആ പഴയവീടിന്റെയും പെൺകിടാങ്ങളുടെ നവയൗവനത്തിന്റെയുമെല്ലാം വർണ്ണന കെങ്കേമമായിട്ടുണ്ട്. ചുടലപ്പറമ്പിലേക്കാണ് അശ്ശവം കൊണ്ടുപോയതെന്നു പറഞ്ഞ് വൃദ്ധൻ ഉപസംഹരിക്കുന്നു. അന്നു പാതിരാവിൽ യക്ഷിക്കുന്നിലും ചുടലപ്പറമ്പിലും കലിപൂണ്ടുയർന്ന് ആകാശം നക്കുന്ന തീജ്വാലയെ കവി ചൂണ്ടിക്കാണിച്ചുതരുന്നു. തരുണികൾ രണ്ടുപേരുടെയും പുലയക്കിഴവിയുടെയും ആത്മഹത്യയെപ്പറ്റിയുള്ള പരാമർശനം ഗ്രാമവാസികളുടെ സംഭാഷണംവഴി സാധിച്ചുകൊണ്ട് കവിത ഉപസംഹരിക്കുന്നു. ഇക്കവിതയിൽ 'റൊമാൻസും' 'റിയലിസവും' കൈകോർത്തു പിടിച്ചു നില്ക്കുന്നു. ദർശനീയമാണ് അക്കാഴ്ച.

ഈ കഥാഘടനയും വർണ്ണനയുമെല്ലാം രൂപശില്പമാണ്. അതിന്റെ പുതുമയും പൊലിമയും പ്രശംസാർഹം തന്നെ. എന്നാൽ, ഈ രൂപശില്പത്തിൽ വിചിത്ര ഭാവങ്ങൾ ഔചിത്യപൂർവ്വം വിന്യസ്തങ്ങളായിട്ടുണ്ടോ? ഉണ്ടെങ്കിലല്ലേ ഇക്കവിത ആസ്വാദകന്മാർക്ക് ഒരൊന്നാന്തരം നേട്ടമായിരിക്കൂ. അഭിജാതകളായ കന്യകമാർക്ക് പുലയ യുവാവിൽ ജനിച്ച അകൃതകപ്രണയമാണല്ലോ ഇക്കവിതയിലെ പ്രബലമായ ഭാവം. മാനസികമായ അടുപ്പം സന്ദർഭാനുഗുണമായി രൂപാന്തരം പ്രാ

പിച്ച് ജാതീയ പരിഗണനകളെ പുറംതള്ളി പ്രണയമായി വളൎന്ന് മരണത്തെപോലും തുച്ഛീകരിക്കുംവണ്ണം ഉൽക്കടദശയെ പ്രാപിക്കുന്നു. ആ നിൎമ്മലപ്രണയത്തിന്റെ നിറംകൂട്ടുമാറ് അതിനോടു വിടന്മാരുടെ കാമാവേശത്തെ ഇണക്കിച്ചേൎത്തിരിക്കുന്നു. ഗ്രാമീണരുടെ ജാതീയചിന്ത കൊണ്ടും വൃദ്ധന്റെ ധൎമ്മധീരതകൊണ്ടും ആ ഭാവങ്ങൾക്ക് ആഡംബരംകൂട്ടുന്നു. അത്രയുമല്ല, ആ പുലയക്കിഴവിയുടെ അപത്യവാത്സല്യം കൊണ്ടും അധികാരികളുടെ അനീതി പരതകൊണ്ടും അവയെ ജ്വാലാകലാപശോഭിതങ്ങളാക്കുകയും ചെയ്തിരിക്കുന്നു. കവിതയിലെ ഓരോ ഘട്ടവും വായനക്കാരിൽ പലപല ഭാവഭേദങ്ങളെ ഉളവാക്കാൻ പൎയ്യാപ്തമായതത്രേ. അങ്ങനെ, ഭദ്രമായ ഒരു രൂപശില്പത്തിൽ കവി സുഭദ്രമായ ഒരു ഭാവശില്പത്തെ കൊള്ളിച്ചിരിക്കുകയാണ്.

ഈ വിധത്തിൽ നോക്കിയാൽ, ഈ കാവ്യസമാഹാരത്തിലെ മിക്ക കവിതകളെയുംപററി കവിക്ക് അഭിമാനം കൊള്ളാൻ വകയുണ്ടെന്ന് തെളിയും..

കവിതയുടെ കലാതത്വത്തെപ്പററിയുള്ള വിചാരമാണ് കവിതാനിരൂപണത്തിൽ പ്രധാനമെങ്കിലും, അതുമതി കാവ്യവിമൎശം സമ്പൂൎണ്ണമാകുവാൻ എന്നു ഞാൻ വിചാരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, കവിതയുടെ വിദ്യാതത്വം പാടേ അവഗണനീയമല്ല. കവിതയുടെ കലാതത്വം സൗന്ദൎയ്യത്തിനുള്ള നിങ്ങളുടെ ആന്തരപിപാസയെ തൃപ്തിപ്പെടുത്തുന്നുണ്ടെങ്കിൽ, അതിന്റെ വിദ്യാതത്വം—അതിൽ പ്രതിബിംബിതങ്ങളായിട്ടുള്ള കവിയുടെ ആദൎശവിശ്വാസങ്ങളും ചിന്താ സന്താനങ്ങളും—നിങ്ങളുടെ മനസ്സിൽ ആരോഗ്യകരമോ അനാരോഗ്യകരമോ ആയ ഒരു പ്രേരണ ചെലുത്തുന്നുണ്ട്. ഇല്ലെന്നു വിചാരിക്കുന്നത് ഇന്നത്തെ മനശ്ശാസ്ത്രം പഠിപ്പിക്കുന്ന പാഠങ്ങൾക്കു കടകവിരുദ്ധമായതാണ്. അതിനാൽ ആ വഴിക്കു കടന്ന് നമുക്ക് അല്പം ചിന്തിക്കാം.

ഈ സമാഹാരത്തിലൂടെ കണ്ണോടിക്കുന്ന സഹൃദയന് പെട്ടെന്നു ബോദ്ധ്യപ്പെടും, ശ്രീ. മാത്യു മനുഷ്യവൎഗ്ഗസ്നേഹിയായ ഒരു കവിയാണെന്ന്. അത്തരമൊരു കവിക്ക് ഇന്നത്തെ സാമൂഹ്യവും സാമ്പത്തികവും ജാതീയവുമായ ഉച്ചനീചത്വങ്ങളോട് ഇണങ്ങിപ്പോവാൻ

കഴിയുകയില്ല. അവ അസ്തമിച്ച് ഒരു പുതിയ സാമൂഹ്യ വ്യവസ്ഥിതി ഉദയംചെയ്യണമെന്നുതന്നെയാണ് ശ്രീ. മാത്യുവിൻെറ അഭിലാഷം. ഈ അഭിലാഷത്തിൻെറ സ്ഫുരണങ്ങൾ 'കാമത്തിൻെറ കലി', 'നീതിയും സേവയും', 'മണ്ണും പൊന്നും' മുതലായ കവിതകളിൽ കാണാൻ കഴിയും. ഇന്നത്തെ സാമൂഹ്യനീതിയെ കവി മനസ്സുകൊണ്ടു വെറുക്കുകയും ശപിക്കുകയും ചെയ്യുന്നുണ്ട്; എന്നാലും ആ വെറുപ്പും ശാപവും ചുണ്ടിൽ വരാത്തവണ്ണം സംസ്കാരസമ്പന്നമായ ഒരു ഉദാരഹൃദയമാണ് അദ്ദേഹത്തിൻേറതു്. എന്നു പറഞ്ഞാൽ,

"അഴിമതി,യക്രമ, മത്യന്തരൂക്ഷമാ-
മപരാധം നിശിതമാ മശനിപാതം!
കളവെന്തെന്നറിയാത്ത പാവങ്ങൾ പൈതങ്ങൾ;
കനിവററ ലോകം കപടലോകം!
നിസ്വാർത്ഥ സേവനം, നിർദ്ദയ മർദ്ദനം,
നിസ്സഹായത്വം ഹാ, നിത്യ ദുഃഖം!" എന്നതരത്തിലുള്ള

ആക്രോശങ്ങളോ അട്ടഹാസങ്ങളോ ഒന്നും ശ്രീ. മാത്യുവിൻെറ കവിതയിൽ കാണുകയില്ല. ഇന്നത്തെ സാമൂഹ്യനീതി ഗർഹണീയമാണെന്ന് ആലോചനാമൃതമായ സൂചനയാൽ അനുവാചകരെ ധരിപ്പിക്കുന്ന ഹൃദ്യമായ രീതിയാണ് ശ്രീ. മാത്യു സ്വീകരിക്കുന്നതു്. അതാണല്ലോ ഉത്തമ കലാകാരന്മാരുടെ രീതി. ഉദാഹരണത്തിന് ഇതിലെ 'നീതിയും സേവയും' എന്ന കവിതയെടുക്കാം. സമൂഹത്തിൽ ഉന്നതപദവിയും അധികാരവും കൈക്കലാക്കിയ ഒരു വ്യക്തി മറെറാരുവൻെറ പ്രയത്നഫലത്തെ ചൂഷണംചെയ്യുന്ന ഇന്നത്തെ സാമൂഹ്യമര്യാദ അപലപനീയവും അനനുവദനീയവുമാണെന്ന് അക്കവിതയിൽ എത്ര നിതാന്തമനോജ്ഞമായ രീതിയിൽ വ്യഞ്ജിപ്പിച്ചിരിക്കുന്നു! കരയുന്നവരുടെ കണ്ണീർ തുടയ്ക്കാനും ജീവിതത്തിൻെറ മുറിവുകളിൽ അമൃതലേപനം ചെയ്യാനും നമ്മുടെകവി സദാ ശ്രദ്ധാലുവാണ്. 'ശോക ഗാനവും പ്രേമദാനവും' എന്ന കവിതയിൽ, അച്ഛനമമ്മയും മരിച്ച് താങ്ങും തണലുമില്ലാതെ ജീവിതത്തിൻെറ പൊള്ളലേററു വേദനിക്കുന്ന ആ പാവപ്പെട്ട പെൺകുട്ടിയുടെ അരികിൽനിന്നു പോകുവാൻ കവിയുടെ ആർദ്രഭാവന മടിക്കുന്നതുപോലെ തോന്നിപ്പോകുന്നു. 'ന്യായാധിപന്മാ

ഞടെ മുമ്പിൽ' എന്ന കവിതയും ഇവിടെ സ്മരണീയമാണ്. സ്വന്തം പെൺമക്കളെ മുക്കിക്കൊന്ന മദ്ധ്യവയസ്സനോടുപോലും കവിക്കു കോപമോ വെറുപ്പോ തോന്നുന്നില്ല; സഹാനുഭൂതിയാണ് തോന്നുന്നതു്. നിങ്ങളുടെ സഹാനുഭൂതിയ്ക്കു് ആ കൊലയാളിയുടെ നേർക്കുകൂടി ഒരു ചാൽകീറുവാൻ കവി ആ കവിതയിൽ യത്നിക്കുകയും അതിൽ വിജയിക്കുകയും ചെയ്തിരിക്കുന്നു. നോക്കുക, മനുഷ്യസ്നേഹത്തിൻെറ പരകോടി! മനുഷ്യൻെറ ഭാവി ശുഭകരമായിരിക്കുമെന്നു നമ്മുടെ കവിക്കു വിശ്വാസമുണ്ട്.

"തന്ത്രയന്ത്രയുഗമായ കാളിന്ദിയിലാത്മ ചിത്ത-
ബന്ധുരരൂപനായ് ശാക്യഗോപനെത്തുമോ!" എന്ന സുഭഗപദ്യത്തിൽ ഈ ശുഭാപ്തി വിശ്വാസത്തിൻെറ പ്രഖ്യാപനമല്ലേ മുഴങ്ങിക്കേൾക്കുന്നതു്! മനുഷ്യവർഗ്ഗത്തിൻെറ ജീവിതം താരും തളിരുമണിയുന്നതു കാണുവാൻ വെമ്പൽപൂണ്ടിരിക്കുന്ന ഒരു കവിയെ ഇങ്ങിനെ പല ഘട്ടങ്ങളിലും നിങ്ങൾക്കു കണ്ടുമുട്ടാം.

കവിയുടെ പ്രകൃതിപ്രേമവും ഈ ഗ്രന്ഥത്തിൽ വേണ്ടുവോളം വെളിവാകുന്നുണ്ട്. പ്രകൃതിയെ ജീവിത നാടകത്തിൻെറ രംഗം എന്ന നിലയിൽ മാത്രമല്ല കവികാണുന്നതു്. മനുഷ്യനെ ലാളിക്കുകയും ആഹ്ലാദിപ്പിക്കയും ശുദ്ധീകരിക്കുകയും ചെയ്യുന്ന ഒരമ്മയായും പ്രകൃതി കവിക്കനുഭവപ്പെടുന്നുണ്ട്. നൈരാശ്യ ശതങ്ങളുടേയും ക്ലേശസഹസ്രങ്ങളുടേയും ഭീഷണമായ സമ്മർദ്ദത്തിൽപെട്ടു് ആത്മാവ് വീർപ്പുമുട്ടുമ്പോൾ ശാന്തിയും ആനന്ദവും മോഹിച്ചുകൊണ്ടു് കവി പ്രകൃതിയുടെ വക്ഷസ്സിനെയാണ് അഭയം പ്രാപിക്കുന്നതു്. അവിടെ ആത്മാവിനു് സർവ്വതന്ത്ര സ്വതന്ത്രമായി ഉച്ഛ്വസിക്കാൻ ചെയ്യാൻ കഴിയുമെന്നു് കവിപ്രത്യാശിക്കുന്നു. 'പൂഞ്ചിറകരുളുനീ' എന്ന ഒന്നാമത്തെ കവിതതന്നെ ഇതിനൊരു ദൃഷ്ടാന്തമത്രേ. കവി പാടുന്നതു നോക്കുക.

"ഈയിരുൾക്കൂടിൻ മൂടിതുറക്കു, സ്വാതന്ത്ര്യത്തിൻ
വായുവും വെളിച്ചവും കടത്തൂ, പ്രകൃത്യമ്മേ!
നിന്നുടെ സൗന്ദര്യത്തെപ്പാനംചെയ്തുന്മത്തനാ-
യൊന്നു ഞാനെന്നിൽ നിന്നുമുയന്നു പറന്നോട്ടേ!"

ജീവിതചിത്രത്തിനു പുറകിൽ സന്ദർഭോചിതവും ഭാവാനുരോധവുമായി പ്രകൃതിയെ ഇണക്കിനിൎത്തുവാൻ ഈ കവിയ്ക്കു് അസാധാരണമായ വൈദഗ്ദ്ധ്യമുണ്ട്. ശോകപ്രണയാദി ഭാവങ്ങളാൽ തരംഗിതമായ ജീവിതചിത്രത്തിന്റെ പശ്ചാത്തലമായി നില്ക്കുന്ന പ്രകൃതിയല്ല ഭയജുഗുപ്സാദിഭാവങ്ങളാൽ അനുപ്രാണിതമായ ജീവിത ചിത്രത്തിന്റെ പശ്ചാദ്ഭൂമിക "അവളുടെ സായുജ്യ"ത്തിൽ പ്രണയത്തിനു് ഉദ്ദീപകമായ പ്രകൃതിവിലാസങ്ങൾ കവി കാണുന്നതിങ്ങനെയാണ്:

"അകലെയെങ്ങുന്നോ പുതുപാലപ്പൂവിൻ
സുഗന്ധവുമേന്തിയണഞ്ഞ തെന്നലിൽ
അഭിനയിക്കയാണഖിലനൃത്തവു-
മുപവനത്തിലെക്കുസുമവല്ലികൾ.
അവിടുന്നും കുറെപ്പരിമളമെടു-
ത്തവളെയക്കുളിർമരുത്തു വീശുമ്പോൾ,
തഴച്ച തൈമാവിലിരുന്നു രാക്കുയി-
ലഴകിന്റെ നിഴലഴലെന്നോതുമ്പോൾ,
അടങ്ങാത്ത മൃദുവികാരത്താലെങ്ങോ
കിടന്നുരുളുന്ന കടൽ മിടിയ്ക്കുമ്പോൾ,
വെളുത്തമേഘത്തിൻ വിരിമാറിൽപ്പററി-
ത്തളൎന്ന ചന്ദ്രനും മയങ്ങിവീഴുമ്പോൾ,
വസന്തമാദക വികാരങ്ങളനേ-
ന്നവളിലുദ്വേഗം കൊടുങ്കാററൂതിച്ചു" എന്നാൽ ആ അറുംകൊലയ്ക്കു സാക്ഷിനിന്ന പ്രകൃതിയെക്കാണുക:
"മറഞ്ഞു സൂൎയ്യൻ; ഭുവനാന്തരത്തിൽ
തമസ്സുകേറി; കലുഷാംബരാന്തം
ബിംബിച്ചതാ 'മംഗല'മാറു വെള്ളി-
പ്പാമ്പൊട്ടു മൂർച്ഛിച്ച വിധംകിടപ്പൂ.
ചീവീടുമൂളുന്നിതു; കേൾപ്പൂ മിന്നൽ-
പ്പിണക്കു പിമ്പായിടിയും ഗഭീരം.,
വാവൽക്കുലം തൂങ്ങിയ തീരവൃക്ഷം
ചേന്നങ്ങു 'കുത്തിച്ചുടുവൻ' കരഞ്ഞു." എത്രകണ്ടു വിഷയാനു

ഗ്ഗണങ്ങളുംയിരിക്കുന്നു ഈ വൎണ്ണനകൾ! സ്വമനോഭാവങ്ങളെ പ്രകൃതിയിലാരോപിക്കുന്ന മഹാ കവികളുടെ രീതിയും നമ്മുടെ കവി ചിലേടത്തു സ്വീകരിച്ചിട്ടുണ്ട്. ഒരുദാഹരണമിതാ:-

"ചക്രവാളമാകും വക്കുചേൎന്ന വാനക്കുട്ടയ്ക്കുള്ളി-
ലുഗ്ര ശോകമൂകംനിന്നു പ്രകൃതിയെല്ലാം.
വിളൎത്തുപോം ദിങ്മുഖങ്ങൾക്കഭിമുഖം പകച്ചെങ്ങും
നിലകൊണ്ടതോളിൽ വെൺപട്ടണിഞ്ഞശൈലം"

(ബുദ്ധിയും ഹൃദയവും)

ഈ സമാഹാരത്തിൽ പ്രതിഫലിക്കുന്നതു്, ചങ്ങമ്പുഴയെപ്പോലുള്ള റൊമാൻറിക് കവികളുടെ കവിതയിൽ കാണുന്ന മായാമയമായൊരു ലോകത്തിൻെറ മധുരസ്വപ്നസമാനമായ പ്രകൃതിയല്ല; പ്രത്യുത, അരുവിയും, കുരുവിയും, കുന്നും, കുണ്ടും, പേരാലും, പാലയും, പാറയും മുളങ്കാടും ഇടകലൎന്ന പ്രകൃതിയാണ്; കേരളത്തിൻെറ പ്രകൃതിതന്നെ. അതിനാൽ ഈ സമാഹാരത്തിലെ പ്രകൃതിവൎണ്ണനകളിൽ സത്യത്തിൻെറ ഈടുററ സൗന്ദൎയ്യം ഓളം വെട്ടിനില്ക്കുന്നു.

ചില നിരൂപകന്മാർ പറയുന്നു, ശ്രീ. മാത്യുവിൻെറ കവിതകളിൽ വേർഡ്സ്വത്തിൻെറ സ്വാധീനശക്തി കാണാമെന്നു്; കാണാമായിരിക്കാം. പക്ഷേ അതുകൊണ്ട് അദ്ദേഹത്തിൻെറ കവിതകൾക്ക് ഒരപകൎഷവും വരുന്നില്ല. കാളിദാസൻെറ നാടകങ്ങളിൽ ഭാസൻെറ സ്വാധീനശക്തി തെളിഞ്ഞുകാണുന്നില്ലേ?

പണ്ഡിതന്മാൎക്ക് ഈ കവിതകളിൽ ചില ദോഷങ്ങൾകാണാൻ കഴിഞ്ഞേയ്ക്കും. ഭാഷാ വിഷയകമായുള്ള അപൂൎവ്വംചില ഏച്ചുകെട്ടലും ഒടിച്ചുകുത്തലും അവയിൽ ഒന്നാണ്. ആവക രചനാദോഷങ്ങൾ കവിതയുടെ അന്തസ്സത്തയെ ബാധിക്കാത്തവയാകയാൽ അത്ര കാൎയ്യമായി ഗണിക്കാനുള്ളവയല്ല.

ശ്രീ. മാത്യുവിനും അദ്ദേഹത്തിൻെറ കവിതയ്ക്കും ഉത്തരോത്തരം ശോഭനമായ ഭാവിയെ ആശംസിച്ചുകൊണ്ട് ഈ ലഘുകാവ്യമഞ്ജരിയെ ഞാൻ സഹൃദയസമക്ഷം സാദരം അവതരിപ്പിച്ചു കൊള്ളുന്നു.

തിരുവനന്തപുരം
2—3—1955

കെ. എം. ഡാനിയൽ

# II

മലയാളത്തിലെ വായനക്കാൎക്ക് അപരിചിതനല്ല ഈ ലഘുകവിതാസമാഹാരത്തിൻെറ കൎത്താവായ ശ്രീ ടി. പി. മാത്യു, വെലത്തൂർ. അദ്ദേഹത്തിൻെറ പ്രഥമ കവിതാസമാഹാരമായ "ഹിമവാൻെറ പുത്രി" പല പ്രശസ്ത സഹൃദയരുടേയും പ്രശംസയാൎജ്ജിച്ചതാണ്. "അഴലിൻെറ നിഴലിൽ" എന്ന ഈ ദ്വിതീയ സമാഹാരവും തീരെ അപരിചിതമെന്നു പറഞ്ഞുകൂട. 1941 മുതൽ 1952 വരെയുള്ള വിവിധ കാലഘട്ടങ്ങളിൽ മലയാളത്തിലെ പത്രമാസികകളിലൂടെ വെളിച്ചംകണ്ടവയാണ് ഇതിലുള്ള ഏഴു ലഘുകാവ്യങ്ങളും. അതിനാൽ ഈ സമാഹാരത്തിന്നു നീണ്ടൊരവതാരിക അനാവശ്യമായൊരാൎഭാടമായിത്തീരുകയില്ലേ എന്നു ഞാൻ ബലമായി ശങ്കിക്കുന്നു.

ഈ സമാഹാരത്തിലെ ആറു കവിതകാം സംഭവാധിഷ്ഠിതങ്ങളാണ്. മൂന്നെണ്ണത്തിൽ കഥയ്ക്കാണ് പ്രാധാന്യം; മററു മൂന്നെണ്ണത്തിൽ ചില സവിശേഷ ഘടനാസന്ദൎഭങ്ങളുണൎത്തിയ വിചാരധാരയ്ക്കും. സ്വാതന്ത്ര്യസുഭഗമായിരിക്കേണ്ട സ്ത്രീപുരുഷബന്ധത്തിൽ ഇന്നത്തെ ധനകേന്ദ്രിതമായ സാമൂഹ്യഘടന ചുമത്തുന്ന ദുൎഭരങ്ങളും കൃത്രിമങ്ങളുമായ നിയന്ത്രണങ്ങളും, തന്മൂലം അഴലിൻെറ നിഴലിലേക്കാഴുന്ന മനുഷ്യ ജീവിതങ്ങളുമാണ് കഥകളുടെ വിഷയം. "പ്രേമത്തിൻെറ ബലി" "ന്യായാധിപന്മാരുടെ മുമ്പിൽ" എന്നീ കൃതികളിൽ ഈ പ്രമേയം അതിൻെറ ഉരന്തപാരമ്യത്തിലെത്തിയിരിക്കുന്നു. വിരഹിണീപ്രണയത്തിൻെറാ

ഉന്മാദപൎയ്യന്തമായ വികാസവും അതുകൊണ്ടുണ്ടായ അവശതയെ സ്വന്തം കാമലോഭങ്ങളുടെ പൂൎത്തിയ്ക്കുവേണ്ടി ഉപയോഗിയ്ക്കുവാൻ മടിക്കാത്ത മൃഗപ്രായനായൊരു കശ്മലന്റെ കുടിലതയും എടുത്തുകാണിച്ചിരിക്കയാണ് "അവളുടെ സായുജ്യ"ത്തിൽ.

"അഴലിലുംപാട്ടം അഴകിന്റെ ഗാനം" എന്നതു ശ്രീ. മാത്യുവിന്റെ കവിതയുടെ മാനിഫെസ്റ്റോ ആയി കണക്കാക്കുന്നതു തെററാവില്ല.

.... .... .... .... .... .... എന്തു
കഥയില്ലാത്തൊരു പുരോഗാമിയിവൻ!
അബദ്ധസിദ്ധാന്തക്കുഴിയിലാണ്ടിരു-
ന്നനുഭവത്തിന്റെ വെളിച്ചമേല്ക്കാതെ
നിസൎഗ്ഗവാസനാ ഗതിയ്ക്കെതിരായ
നിഗമനങ്ങളെത്തഴുകിയിന്നോളം
മുഴച്ചവാസ്തവം മിഴിയ്ക്കു മുന്നിലു-
"ണ്ടഴലിലുംപാട്ടം അഴകിന്റെ ഗാനം"

ജീവിതം ദുഃഖപൂൎണ്ണമല്ലാഞ്ഞിട്ടല്ല. പക്ഷെ, ദുഃഖത്തിൽ നിന്നും മോചിക്കുവാനുള്ള മാൎഗ്ഗം അവയെച്ചൊല്ലി എണ്ണിപ്പെറുക്കിക്കരയുകയോ മുഷ്ടിചുരുട്ടി അലറുകയോ അല്ല. കവിതയുടെ കൎത്തവ്യം തീൎച്ചയായും അതല്ല. ഒരു കവിയെസ്സംബന്ധിച്ചിടത്തോളം ജീവിത വൈരുപ്യങ്ങൾക്കുള്ള പരിഹാരം തന്റേതായ ഒരാദൎശലോകമത്രേ. അതിലാണയാൾ എല്ലാ വൈരുദ്ധ്യങ്ങളും അടങ്ങി, സമന്വയസമ്പന്നമായൊരു സൗന്ദൎയ്യസത്ത തേടുന്നത്. ഈ ആദൎശം ഒരു കാലത്തു ധൎമ്മശാസ്ത്രം തറച്ച കുററികളെ ആസ്പദിച്ചാണ് പടുത്തുയൎത്തിയിരുന്നതു്. ഇന്നു ധൎമ്മശാസ്ത്രത്തിന്റെ സ്ഥാനം ഒട്ടൊക്കെ സാമ്യവാദം കരസ്ഥമാക്കിയിട്ടുണ്ടാവാം. കാലപരിതഃസ്ഥിതികളുടെ മാററമനുസരിച്ച് ആദൎശ സങ്കല്പങ്ങൾക്കു മാററം വരാമെന്നല്ലാതെ, മൗലികമായ ലക്ഷ്യത്തെ

KOTTAYAM PUBLIC LIBRARY KOTTAYAM

സ്സംബന്ധിച്ചിടത്തോളം കവിത എന്നും ഒന്നുതന്നെ. എല്ലാ പരിതഃസ്ഥിതികളിലും പ്രകൃതിയാണ് കവിയുടെ ആദർശലോകം എന്നുവരുന്നതും അസാധാരണമല്ല. കാലപ്രവാഹത്തിന്റെ എല്ലാ കടവുകളിലും കാണാം

"എന്നിൽനിന്നുയന്നെനിയ്ക്കൊങ്ങെങ്ങും പറക്കുവാൻ
സുന്ദരപ്രകൃത്യംബേ പൂഞ്ചിറകരുളുനീ

*  *  *  *

നിന്നുടെ സൌന്ദര്യത്തെ പ്പാനംചെയ്തുന്മത്തനാ–
യൊന്നു ഞാനെന്നിൽനിന്നുമുയന്നു പറന്നോട്ടെ"

എന്നു പാടിക്കൊണ്ടിരിക്കുന്ന പ്രകൃത്യാരാധകന്മാരെ. ശ്രീ മാത്യുവും ഏറക്കുറെ ഈ സ്കൂളിൽചേൎന്ന ആളാണ്. മനുഷ്യദുഃഖങ്ങളോടു സഹതാപവും പ്രകൃതിയോടാരാധനയും ഉണത്തിവിടാൻ കെല്പുററതാണദ്ദേഹത്തിന്റെ കവിതയെന്നു സഹൃദയന്മാൎക്കനുഭവപ്പെടുന്നപക്ഷം അതിലേറെ ചാരിതാൎത്ഥ്യം അദ്ദേഹത്തിനുണ്ടാവാനില്ല.

കോഴിക്കോട് 1–2–1952 } എൻ. വി. കൃഷ്ണവാരിയർ M. A., M. Litt.

# പ്രസ്താവന

"അഴലിന്റെ നിഴലിൽ" എന്ന എന്റെ രണ്ടാമത്തെ കവിതാസമാഹാരം ഇതാ കേരളീയ സഹൃദയന്മാരുടെ മുമ്പിൽ ഞാൻ സവിനയം സമർപ്പിക്കുന്നു. എന്റെ 'ഹിമവാന്റെ പുത്രി'യെ താലോലിച്ച വത്സലകരങ്ങൾ 'അഴലിന്റെ നിഴലി'ലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുന്ന എന്റെ കവിതാ കാമിനിയുടെ കണ്ണുനീർ തുടയ്ക്കുവാൻ നീളുമെന്നു ഞാൻ പ്രതീക്ഷിക്കട്ടെയോ?

ശ്രീ എ. ബാലകൃഷ്ണപിള്ളയുടെ ഭാഷയിൽ 'ചിന്താത്മകഭാവഗീതങ്ങളുടെ' സമുച്ചയമാണ് 'ഹിമവാന്റെ പുത്രി'. അദ്ദേഹത്തിന്റേയും വൈലോപ്പിള്ളിയുടേയും അഭിപ്രായങ്ങളും 'ജി'യുടെ അവതാരികയും കൊണ്ടനുഗ്രഹീതമാണപ്പുസ്തകം. മഹാശയന്മാരായ ആ സാഹിത്യകാരന്മാരും കേരളത്തിലെ ഏററവും പ്രശസ്തമായ വാരികകളിലും മാസികകളിലും പത്രങ്ങളിലും 'റവ്യൂ'കളും ആസ്വാദനങ്ങളും എഴുതിയ വിമർശകന്മാരും, പുസ്തകം ശ്രദ്ധയാ വായിച്ച് അഭിനന്ദനരൂപത്തിൽ കത്തുകളയച്ച മററു സഹൃദയന്മാരും എന്റെ സാഹിത്യപരിശ്രമത്തിന്നു പ്രോത്സാഹനം നൽകിയിട്ടുണ്ട്. എന്നാൽ അതിലുമുപരിയായി കാവ്യപ്രചോദനത്തിന്റെ കാമധേനുവായ പ്രകൃതിയും തീവ്രവികാരവിധേയമായ എന്റെ ഹൃദയവുമാണ് വാസ്തവത്തിൽ എന്നെ കാവ്യാധ്വാവിലൂടെ മുന്നോട്ടു നയിക്കുന്നതു്.

"അഴലിന്റെ നിഴലിൽ" അധികവും നീണ്ട കവിതകളാണ്. അവ ചിന്താത്മകഭാവഗീതങ്ങളാണോ, നാടോടിപ്പാ

ട്ടുകളാണോ, വികാരസിക്തങ്ങളായ കഥാകഥനങ്ങ (Ballads) ളാണോ എന്നെല്ലാം വായനക്കാർ തീരുമാനിച്ചുകൊള്ളട്ടെ. ഇവയിൽ 'ന്യായാധിപന്മാരുടെ മുമ്പിൽ' എന്ന കവിതയും 'സ്നേഹത്തിന്റെ വേദന' എന്ന കവിതയിലെ ആദ്യത്തെ ആറു ശ്ലോകങ്ങളും 'ഹിമവാന്റെ പുത്രി'യിലെ കവിതകൾ എഴുതിയ നീണ്ട കാലഘട്ടത്തിന്റെ സന്തതികളാണു്; മററവയെല്ലാം അതിന്നുശേഷം എഴുതി അപ്പപ്പോൾ പ്രസിദ്ധപ്പെടുത്തിയവയും.

കിരാതാവസ്ഥയിൽനിന്നു് പടിപ്പടിയായി ഇന്നത്തെ നാഗരീകതയിലേക്കു എത്തിച്ചേർന്ന മനുഷ്യനു, ഏതുകാലത്തും പ്രാഥമികങ്ങളായ ചില ആവശ്യങ്ങളും, അഭൗമങ്ങളായ ചില ആദർശങ്ങളും, അവയോടു ബന്ധപ്പെട്ടുവരുന്ന മൗലികങ്ങളായ ചില വികാരങ്ങളും ഉണ്ടായിട്ടുണ്ടു്. എരിയുന്ന വിശപ്പും കത്തുന്ന ലൈംഗികാസക്തിയും മുതൽ, പരമസത്യത്തെ കണ്ടുപിടിക്കുവാനുള്ള വെമ്പലും, ഈശ്വരസാക്ഷാൽക്കാരത്തിലുള്ള നിർവൃതിയുംവരെ ഉയർന്നുപോകുന്ന നിസർഗ്ഗവാസനയെ വലയംചെയ്തുണ്ടാകുന്ന തീവ്രവികാരങ്ങൾക്കും വികാരജന്യമായ ഭാവനകൾക്കും വിചാരങ്ങൾക്കും രൂപംകൊടുത്തുണ്ടാക്കുന്നവ ഏതെല്ലാമാണോ അവ മാത്രമേ കലാസൃഷ്ടികളാകയുള്ളു. അവയിൽ അധമവികാരങ്ങളെ അടക്കുവാനും, ഉൽകൃഷ്ട വികാരങ്ങളെ ഉത്തേജിപ്പിക്കാനും പര്യാപ്തമായ നിലയിൽ ആവിഷ്കരിക്കപ്പെടുന്ന കലാസൃഷ്ടികളെ മാത്രമേ ഉത്തമങ്ങളായി ഗണിക്കാറുള്ളു. കാമക്രോധാദി വികാരങ്ങളെ കടിഞ്ഞാണയച്ചുവിടുന്ന കലാസൃഷ്ടികൾ കലാകൗശലത്തിൽ അഭിനന്ദനാർഹമായ വിജയം വരിച്ചാലും അധമകോടിയിൽ പെടുകയാണുണ്ടാവുക.

ഒരുവശത്തു പട്ടിണിയും കഷ്ടപ്പാടും, മറുഭാഗത്തു ആലസ്യവും ഭോഗവും എന്നനില മാനവസമുദായങ്ങളിൽ അന്നും ഇന്നും ഉള്ളതാണു്. ഭൗതികമായ സുഖഭോഗങ്ങൾക്കിടയിൽ ആഴ

ത്തിലുള്ള വിഷാദങ്ങളും, ദൈനന്ദിന ജീവിതത്തിലെ നരകയാതനകാക്കിടയിൽ സ്വർഗ്ഗീയമായ നിർവ്വതിയും മനുഷ്യഹൃദയങ്ങളിൽ ഉദിക്കാറുണ്ട്. കുഷ്ഠരോഗികളായി, ഹോട്ടലുകളിൽ നിന്നെറിയുന്ന എച്ചിലിലകാ നേടുവാൻ തെണ്ടിപ്പട്ടികളോടു പടവെട്ടി തെരുവുകളുടെ മൂലകളിൽ കുറെ കാലം ജീവിച്ച്, മരിക്കുന്ന യാചകസംഘങ്ങളിൽപ്പെട്ടവക്ക് ശൃംഗാരവികാരങ്ങളില്ലേ? അവരും ഇണചേർന്നു പൊറു പെരുകുന്നില്ലേ? തെണ്ടികിട്ടിയ ഭക്ഷണംകൊണ്ടു വിശപ്പടങ്ങിയാൽപിന്നെ അവരിലുള്ള ലൈംഗിക വികാരമുണരുകയില്ലേ? വെണ്ണിലാവും, മധുരഗാനങ്ങളും, പൂത്തുനില്ക്കുന്ന ചെടിപ്പടപ്പുകളും, സുരഭിലമായ മന്ദമാരുതനും മററും ഒത്തിണങ്ങിയ ഒരു രംഗത്തിൽ, അവരുടെ ശൃംഗാരവികാരം ദീപ്രങ്ങളാകയില്ലേ? ഇതെല്ലാമുണ്ടാകുമെന്നു സമ്മതിച്ചാൽ അവക്കു അന്നും ഇന്നും മേഘസന്ദേശവും ശാകുന്തളവും Romeo and Juliet ഉം, Midsummer Night's Dream ഉം മററും മററും ഹൃദ്യങ്ങളായി തോന്നും. പക്ഷെ ഒന്നുണ്ട്, അവക്കു മനസ്സിലാകണം. നാടോടിപ്പാട്ടുകളിലും വിപ്രലംഭശൃംഗാരപ്രധാനമായ ഗാനങ്ങാ അവരെ ആകഷിക്കും. ജീവിത ദുരിതങ്ങളെ തല്ക്കാലമെങ്കിലും വിസ്മരിപ്പിക്കുവാനും, ഗുണപൗഷ്ക്കല്യത്താൽ അവാച്യമായ നിർവ്വതി നൽകുവാനും അത്തരം കൃതികാക്കു കഴിവുണ്ടെങ്കിൽ, കേവലം Escapist സാഹിത്യമാണെന്നു പറഞ്ഞു അവയെ ഏതുകാലത്തെങ്കിലും പുറംതള്ളാമോ? ഇനി, നവരസങ്ങളിൽ മററുള്ളവയെപ്പററി ചിന്തിച്ചു നോക്കുക. സുഖലോലുപമായ ജീവിതം നയിച്ചു കുറെ കഴിയുമ്പോഠം, അതിനോടു വൈരാഗ്യം വന്നു, ആദ്ധ്യാത്മിക ജീവിതത്തിലേക്കു തിരിഞ്ഞ് പട്ടിണിയും കഷ്ടപ്പാടും സ്വയംവരിക്കുന്ന രാജകുമാരന്മാരും പ്രഭുകുമാരന്മാരും (ഉദാ: ഗൗതമനും ഫ്രാൻസീസ് അസീസിയും മററും) ഉണ്ടെങ്കിൽ, പട്ടിണിയിലും കഷ്ടപ്പാടിലും ജീവിച്ച്, ക്രൂ

മേണ പണം സമ്പാദിച്ച്, കുബേരത്വത്തിൻെറ ഉത്തുംഗശൃംഗത്തിലെത്തി, പാവങ്ങളെ ചവുട്ടിമെതിച്ച്, ഭോഗലാലസരായി ജീവിക്കുന്നവരും ഉണ്ട്. ഇരു ഭാഗത്തേക്കുമുള്ള ഈ ജീവിതപ്രയാണങ്ങളിൽ, അവരിൽ അപ്പപ്പോഠം ഉദിക്കുന്ന വികാര വിചാരങ്ങളെ അപഗ്രഥനം ചെയ്തു പഠിച്ചാൽ വ്യക്തമാകുന്നതെന്താണ്? എല്ലാ മൗലികവികാരങ്ങഠംക്കും ഏറക്കുറെ പ്രസക്തി എല്ലാ രാജ്യക്കാരുടേയും വഗ്ഗങ്ങളുടേയും ജീവിതത്തിൽ മിക്കവാറും എല്ലാകാലത്തുമുണ്ടെന്നുതന്നെ.

ക്ലാസിസിസം, റൊമാൻറിസം, റിയലിസം തുടങ്ങിയ ആശയപ്രകാശന സമ്പ്രദായങ്ങളിൽ, മൂന്നാമത്തെ സമ്പ്രദായത്തിൽ, മദ്ദിതവഗ്ഗത്തെ സമുദ്ധരിക്കാൻ പ്രേരകമാകുന്ന പ്രമേയങ്ങളെ മാത്രമേ കലാപരമായി ആവിഷ്ക്കരിക്കേണ്ടതുള്ളുവെന്നും, മനുഷ്യഹൃദയങ്ങളെ മഥിക്കുന്ന ആയിരമായിരം മററു വികാരങ്ങളെ റൊമാൻറിക്ക് സാങ്കേതിക മാഗ്ഗത്തിൽ കലാപരമായി അവതരിപ്പിച്ചാൽ അവയെല്ലാം 'ഒളിച്ചോടി' (Escapist) സാഹിത്യങ്ങളും കലാസൃഷ്ടികളുമാകുമെന്നും, അതുകൊണ്ട് അവ മനുഷ്യപുരോഗതിക്കു പ്രതിബന്ധങ്ങളോ ഉപയോഗശൂന്യങ്ങളോ ആകുമെന്നും വാദിക്കുന്നതു ശരിയായി തോന്നുന്നില്ല. തെണ്ടികഠം മുതൽ കുബേരന്മാർവരെ, അല്ലെങ്കിൽ തൊഴിലാളികഠം മുതൽ ഏററവും ഉയന്ന ബുദ്ധിജീവികഠംവരെയുള്ള എല്ലാ വഗ്ഗങ്ങളിലും കവികഠം ഉണ്ടായേക്കും. ഓരോ കവിയുടേയും ജീവിതപശ്ചാത്തലത്തിനനുസരിച്ച അനുഭവങ്ങളാണ് അയാഠംക്കുണ്ടാവുക. വ്യത്യസ്തമായ ആ അനുഭവങ്ങളിൽനിന്നുയരുന്ന ഭിന്ന വികാരങ്ങഠംക്കും, തജ്ജന്യമായ ഭാവനകഠംക്കും വിചാരങ്ങഠംക്കും രൂപംകൊടുത്തു കാവ്യങ്ങഠം രചിക്കുമ്പോഠം, അവയുടെ ഗുണദോഷങ്ങളെ നിണ്ണയിക്കേണ്ടതു എന്തടിസ്ഥാനത്തിന്മേലാണ്? വി

കാരങ്ങളുടെ ശുദ്ധിയും ആഴവും, വിചാരങ്ങളുടെ ഔന്നത്യം, ഭാവനകളുടെ ഉജ്ജ്വലത, ആവിഷ്കരണത്തിൽ പ്രദർശിപ്പിച്ച കലാബോധം, എന്നീ സാർവ്വകാലികവും സാർവ്വജനീനവും സാർവ്വഭൗതികവുമായ മൗലികാടിസ്ഥാനത്തിന്മേൽതന്നെ; പാവങ്ങളുടെ സാമ്പത്തികവും സാമൂഹ്യവുമായ നില ഉയർത്തുവാൻ പ്രേരകമാകുന്നുണ്ടോ ആ കലാസൃഷ്ടികൾ എന്ന ഏക അടിസ്ഥാനത്തിന്മേലല്ല. ആത്മാർത്ഥത കലാസൃഷ്ടികൾക്കു് ഒഴിച്ചുകൂടാത്തതാണെങ്കിൽ, നവരസങ്ങളും പ്രതിഫലിപ്പിക്കുന്ന കൃതികൾ, എല്ലാ ആശയപ്രകാശനസമ്പ്രദായങ്ങളിലും എഴുതപ്പെടും. ഹൃദയം ഒരു പ്രത്യേക രഷ്ട്രമീമാംസയ്ക്കോ സാമ്പത്തികമീമാംസയ്ക്കോ പണയംവെക്കാത്തവർ രുചിഭേദമനുസരിച്ചു് ഏറക്കുറെ എല്ലാം ആസ്വദിക്കുകയുംചെയ്യും. സംസ്കാരസമ്പന്നരാവാൻ അനുപേക്ഷണീയമായ ഒരു സിദ്ധിയുമാണതു്.

ഈ സമാഹാരത്തിലെ ആദ്യത്തെ ഏഴു് കവിതകൾമാത്രം ചേർത്തു 'അഴലിന്റെ നിഴലിൽ' എന്ന പേരിൽ പുസ്തകം പ്രസിദ്ധപ്പെടുത്താൻ ഞാൻ ഏകദേശം രണ്ടുകൊല്ലം മുമ്പു ഉദ്ദേശിച്ചിരുന്നു. അവതാരികക്കു പണ്ഡിതനും യുവകവിയുമായ ശ്രീ എൻ. വി. കൃഷ്ണവാരിയരെ സമീപിച്ചു. കവിതാപുസ്തകങ്ങൾക്കു് അവതാരിക ആവശ്യമില്ലെന്നാണു് അദ്ദേഹത്തിന്റെ സാമാന്യമായ അഭിപ്രായം. ജോലിത്തിരക്കിന്നിടയിൽകൂടി എന്റെ ആഗ്രഹം അനുസരിച്ചു് അദ്ദേഹം ഒരവതാരിക എഴുതിത്തന്നു. എന്റെ കവിതകളുടെ സാമാന്യസ്വഭാവത്തെ വിവരിച്ചും അവയുടെ ഗുണദോഷങ്ങളിന്മേൽ തികഞ്ഞ നിസ്സംഗത്വം പ്രദർശിപ്പിച്ചുമുള്ള ഒന്നാണതു്. പുസ്തകത്തെ മണ്ഡനപരമായൊ ഖണ്ഡനപരമായൊ വിമർശിക്കുന്നതിന്നു്, തന്റെ അഭിപ്രായം ഒരു പ്രതിബന്ധമാകരുതെന്നുള്ള ഉന്നതാദർശമായിരിക്കണം അഭൂതപൂർവ്വമായ ഈ നിലപാടെടുക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു്.

ഏതായാലും പിന്നീട് കുറെക്കൂടി കവിതകൾ കൂട്ടിച്ചേർക്കണമെന്നു തീരുമാനിച്ചപ്പോൾ വളരെ പണിത്തിരക്കുള്ള അദ്ദേഹത്തെ വീണ്ടും അലോസരപ്പെടുത്തേണ്ടെന്നു ഞാൻ ഉറച്ചു. തിരുവനന്തപുരം ഇൻടർമീഡിയററ് കോളേജിലെ മലയാളം ലക്ചററും, സാഹിത്യകാരനുമായ ശ്രീ. കെ. യം. ഡാനിയൽ M. A. യോടു ഒരവതാരികക്കു എഴുതി ആവശ്യപ്പെട്ടു. ഇന്നുവരെ കണ്ടു പരിചയമൊ എഴുത്തുകുത്തുകൾവഴി പരിചയമൊ ഇല്ലാത്ത അദ്ദേഹം, തന്റെ ജോലിത്തിരക്കുകളുടെ ഇടയ്ക്കു ഒരു ദീർഘമായ അവതാരിക എഴുതി അയച്ചുതന്നു. കാവ്യാസ്വാദനത്തിന്റെ മാനദണ്ഡത്തെ ഒരു മീമാംസകന്റെ പ്രഗത്ഭതയോടെ വിവരിച്ചും, എന്റെ കവിതകളുടെ സാമാന്യസ്വഭാവത്തെ തെളിയിച്ചും, ഒന്നു രണ്ടു കവിതകളുടെ ഉള്ളറകളിലേക്കു ചുഴിഞ്ഞു കയറി ഗുണദോഷങ്ങളെ അപഗ്രഥിച്ചും ഉള്ളതാണതു്. ഇപ്പുസ്തകത്തിന്റെ സമഗ്രമായ അവതാരിക എന്ന നിലയ്ക്കു അതും, ഏതാനും കവിതകളുടെമാത്രം അവതാരിക എന്ന നിലയ്ക്കു ശ്രീ വാരിയരുടേതും ചേർക്കുന്നു. രണ്ടു സാഹിത്യകാരന്മാർക്കും എന്റെ അകമഴിഞ്ഞ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഔദ്യോഗികമായ ജോലിത്തിരക്കുകൊണ്ടു സാഹിത്യവ്യവസായത്തിൽ കൈവെക്കാതിരിക്കുമ്പോൾ, എന്നെ എഴുതാൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്ന എന്റെ പഴയ അദ്ധ്യാപകനും സുഹൃത്തും, ഇപ്പോൾ തേവര കോളേജിലെ മലയാളം ലക്ചററും ഒരു തികഞ്ഞ കലാകാരനുമായ ശ്രീ പി. സി. ദേവസ്യ M. A. യോടും, അപ്രകാരംതന്നെ ചെയ്യുന്ന പ്രസിദ്ധ ഗദ്യകവിയും കലാകാരനുമായ ശ്രീ ചിത്രമെഴുത്തു വർഗ്ഗീസ്സിനോടും, പ്രസിദ്ധ സാഹിത്യകാരനായ ശ്രീ കരിമ്പുഴ രാമകൃഷ്ണൻ M. A., L. T. യോടും യുവകവികളായ ശ്രീ എ. വി. ശങ്കരൻ B. Sc, സി. എ ജോസഫ് B A. എന്നിവരോടും എന്റെ നന്ദിയെ പ്രദർശിപ്പിക്കാൻ

ഈ സന്ദർഭം ഉപയോഗിക്കുന്നു. ഇതിലെ മിക്ക കവിതകളും ഞാൻ Asst. Public Prosecutor ആയിരുന്നപ്പോൾ എഴുതിയതാണ്. എങ്കിലും ഇതു ഔദ്യോഗികമായ ഒരു പ്രസിദ്ധീകരണമല്ല. പകർപ്പവകാശം വാങ്ങിയ ശ്രീ പി. ടി. കൊച്ചുവർക്കിയുടെ പ്രസാധകന്മാരായി എന്റെ ഈ പുസ്തകം ഇത്രയും ഭംഗിയായി അടിച്ചുതന്ന ഹാജി കെ. പി. അഹമ്മദ്കുഞ്ഞി & ബ്രദർസ്, കണ്ണൂര് എന്ന പ്രസിദ്ധീകരണശാലക്കാർക്കും മുഖചിത്രമെഴുതിയ യുവകലാകാരനായ C. P. N. നായർക്കും എന്റെ നന്ദിയും അഭിനന്ദനവും രേഖപ്പെടുത്തിക്കൊള്ളട്ടെ.

മറ്റെല്ലാം വിസ്മരിച്ച് കവിതകളുടെ ഗുണദോഷങ്ങളിന്മേൽമാത്രം കണ്ണെത്താൻ പരിശീലിച്ചിട്ടുള്ളവർ ഇപ്പുസ്തകത്തിൽ എന്തെങ്കിലും അഭിനന്ദനാർഹമായി കണ്ടെങ്കിൽ ഞാൻ കൃതാർത്ഥനായി.

പാലക്കാട്
9—3—1955

എന്ന്
ടി. പി. മാത്യു

70693

# പൂഞ്ചിറകരുളൂ നീ

എന്നിൽനിന്നുയർന്നെനിയ്ക്കെങ്ങെങ്ങും പറക്കുവാൻ
സുന്ദരപ്രകൃത്യംബേ! പൂഞ്ചിറകരുളൂ നീ.
കേവലമന്തർമ്മുഖ ചിന്തയാമൊരുശക്തി–
യാവതും പിടിച്ചെന്നെയന്നിലിട്ടടക്കുന്നു;
നൈരാശ്യശതങ്ങളാം ഹിംസ്രജന്തുക്കൾ ഘോര–
ഘോരമായലറുന്നുണ്ടെന്നിലുള്ളിരുൾക്കൂട്ടിൽ;
നേരിയോരാനന്ദമില്ലിരയായ്ക്കൊടുക്കുവാൻ
കാരിരുമ്പിരുളഴിക്കൂടവ തകർക്കുന്നു;
അവിടെപ്രത്യാശകൾ കൈത്തിരികൊളുത്തുമ്പോ–
ളവയെക്കെടുത്തുമാറുന്നു ഫണീന്ദ്രന്മാർ;
ചീറുമാ നാഗങ്ങളെ മയക്കാനാത്മാവിന്റെ
വേണുവിലൂതും വായു ഗാനമായ്പ്പൊങ്ങുന്നില്ല.

ഈയിരുൾക്കൂടിൻമൂടി തുറക്കൂ സ്വാതന്ത്ര്യത്തിൻ
വായുവുംവെളിച്ചവും കടത്തൂ പ്രകൃത്യംബേ!
നിന്നുടെ സൗന്ദര്യത്തെ പ്പാനംചെയ്യുമാറെന്നാ –
യൊന്നുഞാനെന്നിൽനിന്നുമുയർന്നു പറന്നോട്ടേ!

---

1952 ഫെബ്രുവരി 3–ാംനു-ത്തെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ
പ്രസിദ്ധപ്പെടുത്തിയത്.

# അവളുടെ സായുജ്യം

പുലരി പൊന്മുകിലണികളാൽ വാനിൽ
പണിചെയ്ത മായാമണിസൌധം പോലെ,
മരതകക്കുന്നിൻ ചെരിവിലാഗ്ഗേഹ-
മൊരു മധുനിലാവൊളിരാവിൽ മിന്നി.
അതിന്മുകളിലായ് ചരിഞ്ഞുചന്ദ്രിക
പതിഞ്ഞ വെണ്ണക്കല്ലൊളിവരാന്തയിൽ,
കിടക്കുന്ന ചാരുകസേലചേന്നിട-
യ്ക്കിടെച്ചുടുവീപ്പിട്ടൊരു കൃശാംഗിയാൾ

ചിരകാലഭർത്തൃവിരഹദുഃഖാഗ്നി-
യെരിഞ്ഞവളിലുജ്ജ്വലിച്ചിതന്നേരം;
എഴുത്തിലെത്തുമെന്നറിയിച്ച ദിനം
കഴിഞ്ഞിഴഞ്ഞു പോയനേക നാളുകൾ.
നിജസഖിയുടെ പരിണയോത്സവ-
രജനിയിലങ്ങൊന്നണഞ്ഞു പോന്നപ്പോൾ,
മനോമുകുരത്തിലുദിച്ച ഭാവനാ-
മനോജ്ഞമാം നിജവിവാഹ രംഗങ്ങൾ

---

17—6—50-ാം നം- യിലെ ജയകേരളം ആഴ്ചപ്പതിപ്പിൽ
പ്രസിദ്ധപ്പെടുത്തിയതു്.

സുരഭില സുമനിര വിരിച്ചൊരു
സുമംഗലവേദി, വരണമാല്യവും,
പരിമൃദുസ്വര തരംഗത്താൽ മനം
തരളമാക്കുന്ന തരത്തിൽ വാദ്യവും,
രമ്യാങ്കണത്തിൽനിന്നണഞ്ഞ സുന്ദര-
മണാളനും ലജ്ജാമിളിതകാന്തയും,
അതുവരെ ബ്ഭാവമധുര സ്വപ്നത്തി-
ലുദിച്ച മാദകമണിയറതാനും,
വിവാഹഗേഹം വിട്ടിഴഞ്ഞിഴഞ്ഞട്ട-
ത്തവൾ വിഭാവനാ നവവധുവായി

സുരപഥത്തിലേയ്ക്കിമയനക്കിടാ-
തിരുന്നെന്തോ നോക്കിക്കഴിച്ചുകൂട്ടവെ,
വികാരമൂർച്ഛ വിട്ടകന്നകന്നവ-
ളഖിലവും തനിനിറത്തിൽ കാൺകയായ്;
മധുമയാത്മവിസ്മൃതിപഥംവിട്ടു
പതിച്ചു യാഥാർത്ഥ്യശിലാതലങ്ങളിൽ

പ്രതിബന്ധമെല്ലാം കടന്നവൾ നിജ
ഹൃദയനാഥനോടണഞ്ഞുവെങ്കിലും,
മധുവിധുവിൻെറ മനം മയക്കുന്ന
മധുരയാമത്തിലലിഞ്ഞുചേന്നില്ല.
പ്രണയലോലമാം വിപഞ്ചി മീട്ടമ്പോ-
ളണഞ്ഞു പോരിൻെറ കരാളകാഹളം.

മധുരമാദക മണിയറ ശോക-
വിധുരമായ് ഭാവി മധുരമാകുവാൻ.
മണിപ്പുരിയിലെ വനങ്ങളിൽ സേനാ-
ഗണങ്ങളെ നയിച്ചിട്ടുകയാണവൻ.

അടവിയിങ്കലും വെളിയ്ക്കുമായ്മാറി-
പ്പടവെട്ടും നിജ കണവനെപ്പോലെ,
മുകിലുകൾക്കുള്ളിൽ മറഞ്ഞുടൻ നീല-
ഗഗനത്തിൽവന്നു തെളിയുന്നു ചന്ദ്രൻ.
അതുറവുനോക്കീട്ടു മവളുടെ ശോക-
മധുരാസ്യം മങ്ങിത്തെളിയുന്നിതൊപ്പം.
വിരഹദുഃഖത്തെ മറക്കുവാനയ-
വിറക്കയാണവൾ കഴിഞ്ഞജീവിതം.

"ധനികപുത്രനാണവൻ ചെറുപ്പത്തിൽ,
ദരിദ്രയന്നു ഞാൻ കുലീനയെങ്കിലും.
കുറച്ചുകലത്തുള്ളെഴുത്തുപള്ളിയ്ക്കി-
ലൊരുമിച്ചുപോയി മടങ്ങിടും ഞങ്ങൾ.
വികൃതിയാണവനഖിലർക്കു,മെന്നാൽ
സുകൃതിയാം ധീരസുഹൃത്തെനിയ്ക്കുന്നും.

ഒരുദിന മിവളൊരു സരസിജ-
മറുക്കുവാനഭിലഷിക്കയാലവൻ,
പളുങ്കൊളിജലകണം തെറിപ്പിച്ച്
കുളത്തിലോളങ്ങളുയർത്തി നീന്തുമ്പോൾ,

യദൃച്ഛയാ കണ്ട ഗുരു പറഞ്ഞറി-
ഞ്ഞതികുപിതനായ് പിതാവടിച്ചിട്ടും,
കരഞ്ഞതില്ലവൻ, പറഞ്ഞതുമില്ല
ശരിയ്ക്കെനിയ്ക്കതിലൊരു പങ്കുള്ളതായ്.

"പറങ്കിമാവിന്റെ നിറയിൽ ഞാൻ നോക്കി-
പ്പുറഞ്ഞ മാമ്പഴമെറിഞ്ഞവൻ നിൽക്കേ,
കുറിയ്ക്കുവീണതു പെറുക്കിയന്നു ഞാൻ
തിരിഞ്ഞപ്പോളൊരാൾ കുതികുതിച്ചതാ,
തലയ്ക്കു കല്ലുവീണൊലിച്ചചോരയാൽ
കലിപൂണ്ടോരോന്നു പുലമ്പിയെത്തുന്നു!
തരിച്ചു മെയ്യെനിയ്ക്കൊലിച്ചു കണ്ണുനീ-
രുറച്ചതില്ലെന്തു കരണീയമെന്നായ്.
ഉടനവൻ മടി വെടിഞ്ഞപരാധം
പൊടിയൊടേററടികിടച്ചു വീഴ്കയായ്.
ഉണൻ കേണുഞാനടുത്തപ്പോൾ കററം
പിണഞ്ഞതോർത്തോടിയൊളിച്ചിതാഗതൻ.

"പകരുന്ന രോഗമെനിയ്ക്കുള്ളപ്പൊഴും
പിരിയാതെകൊച്ചു സഹോദരൻപോലെ,
ഇരുഗൃഹത്തിലുമറിയാത്ത തരം
ചിരവിലോത്തവനിവൾക്കടുത്തെത്തും.

"അണഞ്ഞു താരുണ്യമിരുവർക്കുമപ്പോൾ
പ്രണയമായുരുത്തിരിഞ്ഞിതാ ബന്ധം.

കലാലയമണഞ്ഞിവരം മടങ്ങുമ്പോരം
കളിയാക്കിയിടയ്ക്കുതുമൂലം ചിലർ;
ഉടനുടനവർക്കടിയവൻ കൊട്ടു-
ത്തിടക്കിടെയകപ്പെട്ടുകയായ് കേസിൽ;
ഒടുവിലൊക്കെയും വിട്ടുതലായ് രക്ഷ--
പ്പെട്ടുകയാലവനധൃഷ്യനായ് നാട്ടിൽ.

കടത്തിലാണ്ടുപോയവൻെറ വീട,ന്നോ-
യ്ക്കുടിയ്ക്കുടി ഞാനോ കുബേരപുത്രിയായ്.
ഇരുവക്കമിടയ്ക്കുയന്നു നാട്ടിലെ
നിരത്ഥകാചാരപ്പെരുങ്കോട്ടയെല്ലാം.
ഒരുമിച്ചു ജ്വലിച്ചിരുന്ന ചൈതന്യ-
ത്തിരി പിരിഞ്ഞിരു ശിഖകളായപ്പോരം,
അധികമായ് പാളിയടുത്തിതഗ്രങ്ങരം
മതിൽക്കെട്ടും കടന്നുയന്നു വാനത്തിൽ.

അനുരക്തർ ഞങ്ങളനുപദം ജായാ-
മണാളരാകുവാൻ തുനിയുന്നതോടെ,
എതിപ്പുകളേതുവിധമെല്ലാം ബന്ധു-
തതികരംക്കു മയൽജനങ്ങരംക്കുമേകാം;
അതൊക്കെയുമെൻെറ ഗൃഹാന്തരീക്ഷത്തി-
ലലച്ചുളവാക്കി ഭയദരംഗങ്ങരം.
ഇവളിലപ്പിതൃജനത്തിനുള്ളൊരു
കവിഞ്ഞ വാത്സല്യം ജയിച്ചിതന്ത്യത്തിൽ.”

സ്മൃതിയിൽ നിന്നിതുവിധ മനവധി
കഥകളോർത്താർദ്ര നയനയായവൾ.

അടിച്ചുപാതിരമണിക,ളേകയാ-
മവളൊന്നുനോക്കിപ്പരിസരം മൂകം.
ഉലകമൊക്കയുമുറങ്ങി, വെണ്ണിലാ-
വൊളിപ്രകൃതിയോ പ്രശാന്തസുന്ദരം.
അകലെയെങ്ങനോ പുതു പാലപ്പൂവിൻ
സുഗന്ധവുമേന്തിയണഞ്ഞ തെന്നലിൽ
അഭിനയിക്കയൊന്നഖിലനൃത്തവു-
മുപവനത്തിലെക്കുസുമവല്ലികൾ.

അവിടന്നും കുറെപ്പുരിമളമെട്ട-
ത്തവളെയക്കുളിർമരുത്തു വീശുമ്പോൾ,
തഴച്ചതൈമാവിലിരുന്ന രാക്കുയി-
ലഴകിൻെറ നിഴലഴലെന്നോതുമ്പോൾ,
അടങ്ങാത്ത മൂഢവികാരത്താലെങ്ങോ
കിടന്നുരുളുന്ന കടൽമിടിയ്ക്കുമ്പോൾ,
വെളുത്തമേഘത്തിൻ വിരിമാറിൽപ്പററി-
ത്തളന്നചന്ദ്രനും മയങ്ങിവീഴുമ്പോൾ,
വസന്തമാദകവികാരങ്ങളുണ-
ന്നവളിലുദ്വേഗം കൊടുങ്കാററുതിച്ചു.

ഇരമ്പിയെത്തുന്ന വിമാനങ്ങളപ്പോൾ
പരന്നശാന്തത മുറിച്ചു വാനത്തിൽ.

"വരുന്നുവോ കാന്തനിവിളിലിരൂഷ്മള-
തരളമാനസം തണുപ്പിച്ചുകൊൾവാൻ!"
എഴന്നേററവസ്ഥ മവളുലാത്തുന്നു;
മിഴിവിമാനത്തിൻവഴി തുടരുന്നു.

പറന്നു താഴ്ന്നാവ മറയുന്നു, കുന്നിൻ
മറവിലുണ്ടവയ്ക്കിറങ്ങിടാനിടം
"മതി!യെല്ലാം ശരി! യെനിയ്ക്കു ജീവിത-
മധുനകന്നിടാ"മവളോത്തു തുള്ളി.

"കണ്ണവനെപ്പേത്തും പുണന്നു തുവിയ-
പ്പുണിമുഖം മാറത്തണച്ചുവെച്ചു ഞാൻ,
അളകങ്ങൾ കാററത്തിളകുമ്പോളതി-
ലൊളിമിന്നും തിങ്കൾപ്പൊളിമുകന്നോട്ടെ!

അതുമല്ല കരവലയത്തിലെൻെറ
മൃദ്ദളം ഞെരിഞ്ഞിവൾ മരിച്ചോട്ടെ!"
നിമിഷങ്ങളെല്ലാമിഴഞ്ഞു നീങ്ങുന്നു
ക്ഷമവിട്ടോടുന്നുണ്ടവളങ്ങുമിങ്ങും
ഉടനുടനവൾക്കയന്നു താഴ്ന്നു മാ-
ത്തടക്കടങ്ങളുൽക്കട നിശ്വാസത്താൽ.

പടന്നുവൃക്ഷത്തിൻ വിടവിലൂടെ ചോ-
ന്നടിക്കുന്ന നിലാവെളിച്ചമേറെറാരാൾ
നടന്നാടുക്കുന്നുണ്ടിടവഴിക്കു, കാ-
ലടിയൊച്ചയടുത്തടുത്തു കേൾക്കുന്നോ!

KOTTAYAM PUBLIC LIBRARY KOTTAYAM.

തുറക്കുന്ന വാതി, ലിറങ്ങുന്നിതവൾ
ഇറയമെത്തുന്നു, കുതിക്കുന്നു വീണ്ടും.
കിതച്ചുപവനമതിലണഞ്ഞതാ–
പതിക്കുന്നു നെഞ്ചിൽ പതിയെന്നോർത്തവൾ.

*　　*　　*　　*

പ്രഭാതമായ്; തുറന്നൊരുമട്ടിൽ ക്കോണി–
പ്പടിയുമുണ്ടവളുടെ മുറിയതും.
മധുമലർക്കാവിൻ നടുക്കെഴും വീര–
പ്രതിമയെക്കെട്ടിപ്പുണർന്നൊരുമട്ടിൽ
മൃതിയടഞ്ഞവൾ കിടക്കുന്നു; ശോക–
സ്മിതാർദ്രമാം ശാന്തവദനമപ്പൊഴും!
വെളുത്ത മഞ്ജുള ഗളത്തിനെച്ചുററി–
വളഞ്ഞൊരു നീലവരയുമുണ്ടതാ.
അണിഞ്ഞ ഭൂഷയിലൊരെണ്ണവും മെയ്യിൽ
കണി കാണുന്നതില്ലിതെന്തൊരത്ഭുതം!
തടിച്ചുകൂടിയ ജനങ്ങളന്യോന്യ–
മടക്കമായോതി "കൊലയും കൊള്ളയും!"

*　　*　　*　　*

കഴിഞ്ഞ വാസ്തവം വിഴുങ്ങി മുന്നോട്ടേ–
യ്ക്കുഴിഞ്ഞു കാലങ്ങളൊഴിഞ്ഞുവെങ്കിലും,
നഭസ്സിനോടെല്ലാ രഹസ്യവും മൂക–
മുരയ്ക്കുന്ന ശവകുടീരമങ്ങതാ.

# ബുദ്ധിയും ഹൃദയവും

കൊച്ചുകുന്നിൻനിര മൂടൽമഞ്ഞാം കൊതുവലയ്ക്കുള്ളിൽ
പച്ചപുതച്ചുദയത്തിലുറങ്ങിടുന്നു.
കരിമ്പാറത്തലപ്പാവുണ്ടവയ്ക്കൂത്തു ധരിക്കുവാൻ
തരമായകഥയേവം പറഞ്ഞുകേൾക്കാം:-
"കരടിയും പോത്തും കരിനിരയുംപന്നിയുമിട-
കലർന്നിണങ്ങിയക്കുന്നിൻ നിരയ്ക്കുമോളിൽ,
മേവിപോ,ലൊരുനാളതിൽത്താവുമസൂയയാൽ വന-
ദേവതശപിച്ചവയെശ്ശിലയാക്കിപോൽ!"

പൊന്നും ചിങ്ങപ്പുലരിയാണ,ന്നതുവഴിയ്ക്കേനിയ്ക്കു
കുന്നുകേറിമറിഞ്ഞൊരുദിക്കിലെത്തേണം.
നിലച്ചതേയുള്ളു മഴ,പലപാറക്കെട്ടിലൂടെ
യലയ്ക്കുന്നവെള്ളം വെളുത്താടചാട്ടുംപോൽ.
അരുവിയും കുരുവിയും പ്രകൃതിയൊത്തുണർന്നിട്ടും
ഉറങ്ങുന്നു യന്ത്രത്തലച്ചോറുള്ള മർത്ത്യൻ.

ഉഷസ്സന്നു വിതറിയ പലതരംപൂക്കൾ മന്ദ-
ഹസിക്കുന്ന താഴ്‌വരകൾക്കിടയിലൂടെ,

---

വടകര സാഹിത്യപരിഷൽ സമ്മേളനത്തിൽ വായിച്ചതും 13-6-54-ാംനു-യിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയതും.

പുകവണ്ടിപ്പാത രണ്ടുവരകളായിഴഞ്ഞൊന്നി-
ച്ചുകലത്തിലനന്തവിൺകോണിൽ കുത്തുന്നു.
അത്തുവഴികളെറിയും പരിസരം കുലുക്കിയു-
മതാ സഹ്യൻ തുളച്ചോടിയെത്തുന്നു വണ്ടി
പുലരിതൻ തരളമാം ഹൃദയത്തിൻനേർക്കു പായും
തലച്ചോറിൻ നിശിതമാം ശരംകണക്കെ.
ഹൃദയവും മരണവുമുള്ള ജിന്നും രാക്ഷസരും
ഭയങ്കരന്മാരെന്നാലും പ്രകൃതിമക്കൾ.
തീവിഴുങ്ങി, കാളക്കൂടം വാനിൽത്തുപ്പിക്കുതിയ്ക്കുമീ-
യാവിവണ്ടിക്കാളിയൻതാൻ നിത്യഭീകരൻ.
തന്ത്രയന്ത്രയുഗമായ കാളിന്ദിയിലാത്മചിത്ത-
ബന്ധുരരൂപനായ് ശാക്യഗോപനെത്തുമോ!

കൂട്ടം തെറ്റിപ്പോയൊരാട്ടിൻകുട്ടിയേതുമറിയാതെ
കഷ്ടമപ്പോൾ മേഞ്ഞുവന്നു വണ്ടിപ്പാതയിൽ.
കല്ലുകൾക്കും പൂവണിഞ്ഞ പുല്ലാം രോമാഞ്ചമുണ്ടാക്കി-
ത്തുള്ളിച്ചാട്ടമസ്സാധ്യവാം വെള്ളാട്ടിൻകുട്ടി
മിന്നൽവേഗ 'മെഞ്ചിൻ' ഫണംതട്ടിപ്രാണവേദനയോ-
ടൊന്നു കരഞ്ഞങ്ങോ വീണു മഞ്ഞിൻകട്ടപോൽ.

ഹീനകൃത്യമോരാതോടിപ്പീനനിർവ്വികാരസത്വം;
ദീനസ്വനമേറ്റുപാടി കാനനാന്തരം;
ചക്രവാളമാകും വക്കുചേർന്ന വാനക്കുട്ടയ്ക്കുള്ളി-
ലുഗ്രശോകമൂകം നിന്നു പ്രകൃതിയെല്ലാം.

# കാമത്തിൻെറ കലി

### അഥവാ

# പ്രേമത്തിൻെറ ബലി

“വളരുന്നതാരുണ്യത്തള്ളലമത്ത്രുവാൻ
പുലയൻെറ വെപ്പാട്ടിമാർകളായി,
തറവാട്ടുംജാതിയും വിററാരാവേശ്യക-
ളീരുവരുമസ്സുവം പേറിടട്ടെ!
മദമോടത്തരുണൻെറ ചൈതന്യമുദരത്തിൽ
ഭ്രതമാക്കിപ്പിണമേററിപ്പോട്ടെയവർ.”
ഇതുവിധമോതുന്നുണ്ടാക്കുന്നുണ്ടാളുക-
ളധികവുമഗ്രാമവീഥിയിങ്കൽ.
തുരുതുരെയാവഴി വക്കിലണഞ്ഞവർ
വരിവരിയായി നിരന്നിട്ടുന്നു.

---

വിളത്തുപോം ദിൿമുഖങ്ങൾക്കഭിമുഖം പകച്ചെങ്ങും
നിലകൊണ്ടുതോളിൽ വെൺപട്ടണിഞ്ഞ ശൈലം;
അപ്രാണരോദനമെന്നിലാഴത്തിൽ മാററൊലിക്കൊണ്ടു,
ഇപ്പോഴമാരംഗമോത്താലാവത്തിച്ചീടും.
ആർദ്രമാക്കാൻ കഴിവുള്ള ഹൃദയത്തിൽനിന്നാകന്നാൽ
ബുദ്ധിയൊററയ്ക്കോടി വിശപ്പം ചാമ്പലാക്കീടും.

ജലഘടഭാരത്താൽ ചാഞ്ഞലസാക്ഷികൾ,
തലകളിൽ കുട്ടയായ്ക്കിഴവികളും,
കരിയും നുകവുമായ് പൂട്ടുവാൻ പോകുവോർ,
ചുമടെട്ടത്തോടികിതച്ചിടുന്നോർ,
സകലരു മന്നാട്ടുകാരാണറിഞ്ഞിടാ-
മണയുന്ന കാഴ്ചതൻ രൂപമെല്ലാം.
കരയിച്ചിടേണ്ടതാണെങ്കിലുമെല്ലാരും
ചിരിയടക്കീടാൻ പണിപ്പെട്ടുന്നു.
തളിരിളം ചിത്തത്തിലിരുൾവിത്തു പാകിയാൽ
വിളവൊളിക്കതിരുകളായിടുമോ!

"കുടകേടുതീക്കുവാനുണ്ടോ?" യെന്നാങ്ങൊരാൾ;
"കസവുണ്ടോ വില്ക്കുവാ?"നെന്നൊരുത്തൻ;
"വളവളെ"യെന്നൊരാൾ; "ചെമ്പുകൾനന്നാക്കി
പളപളെ പൂശാംഞൊ"നെന്നൊരുത്തൻ;
മരവിച്ചുചൂടററ വിളികളായന്തിക-
ത്തൊരുപുരീനോക്കിപ്പോം പരദേശിയും
അറിവെത്തിനോക്കാത്ത ഗ്രാമഹൃദയത്തി-
ലെരിയുന്ന കോപാഗ്നി കണ്ടുനിന്നാർ.

നരവായിലുയരുന്ന ശവമിരുതരുണിക-
ളൊരുപായച്ചുരുളിലായ് കെട്ടിയേററി,
വരികയാണതുവഴിയ്ക്കാ 'യക്ഷിക്കുന്നി'ൻെറ
ചെരിവിലെച്ചുടുകാട്ടിലെത്തിക്കുവാൻ.

ഉടയാട മുഖഭാവമെല്ലാം കലിനതെ-
യ്ക്കൂടയാള, മിടവാടിതെന്തൊന്നാവാം!
ദയനീയമക്കാഴ്ച കണ്ടിട്ടുമുയരുന്നി-
ല്ലയൽവാസിക്കരുണ തൻ വിരലുപോലും.
പുലർകാലച്ചെന്താരിൻ വടിവൊത്തു മിന്നുന്നു-
ണ്ടിളവെയ്‌ലിൽ വേപ്പുന്നി വദനംരണ്ടും.
പരിശുഷ്കമവരുടെ തലമുടിക്കെട്ടുകൾ
'ചറപിറെ' പാറിക്കളിച്ചീടുന്നു.
അരുണമായ് തീപ്പാറും കണ്ണുകൾ നിശ്ശബ്ദ-
മരികളെ വെല്ലുവിളിച്ചിടുന്നു.
തളരുന്നില്ലൊട്ടു കിതക്കുന്നുവെങ്കിലും;
തളിർമെയ്യും മനതാരും പാറയെന്നോ!

നടകൊൾവൂ, മുന്നിലായ് ക്രുക്കിയുമണിചേർന്ന
പിടമാൻ മിഴികളെ കണ്ണെറിഞ്ഞും,
ചിലധീര, രെണ്ണയിൽ വീണെഴമെലിപോലെ
തലമുടി പിന്നോട്ടു ചീകിയിട്ടോർ;
മിഴിമങ്ങിക്കവിളൊട്ടി 'ഇജ്ജുബയിൽ' ക്രുമ്പാള-
ത്തടിമറച്ചാണത്തം വിറരുണ്ടവർ.

ഉയരുമിരമ്പമകന്നകന്നീടവെ
വഴിവക്കിൽനിന്നൊരു വൃദ്ധനോതി:-
"ഇവരാണോഃനതാക്കൾ! ജാതിതൻ ശുദ്ധിയാ-
ണിവരുടെ ലക്ഷ്യമെന്നാണോ ഭാവം?

പറയാംകഥ" വൃദ്ധനാവിഷ്ടനായപ്പോൾ
പരദേശിമാർകളടുത്തുകൂടി.
"അവിടെയക്കുന്നിൻ ചെരിവിലൊററക്കതാ
നെടുഭൂതംപോലൊരാൽവൃക്ഷം നിൽപ്പൂ.
പരിധിയും വിട്ടിതൾ തിങ്ങിപ്പടൻപോ-
മൊരു സപ്പക്കാവുണ്ടതിന്നു പുറവും.
അവിടെത്തർ വാഴ്പയുണ്ടോ, ററമുലച്ചിയു-
ണ്ട, വിടത്തെ പ്രേതങ്ങൾ തുള്ളുംരാവിൽ.
വഴിപോകില്ലതിലൂടെ രാച്ചെന്നാ ലെന്നൊക്കെ
പഴമക്കാർ പറയാറുണ്ടന്നുമിന്നും
അതിനപാന്തത്തിലായ് പണ്ടേന്നോ ഭൂതത്താൻ
അവനിതന്നാഴമളക്കുവാൻപോൽ,
ഒരുരാവുകൊണ്ടു കുഴിച്ച കിണററിൻെറ-
യരികിൽപ്പഴയൊരു വീടുകാണാം.
വലിയൊരു നാലുകെട്ടാണതുമുക്കാലും
വിജനമായങ്ങിങ്ങിടിഞ്ഞു നിൽപ്പൂ.
പടുമുളക്കാടുകൾ മുററത്തും, പുല്ലുകൾ
പടരുന്ന കോലായിൽപ്പോലുമിപ്പോൾ.
പരിശുഭ്രഭിത്തികൾ ചോന്നൊലിച്ചീടിന
വരയും പൊടിയുമായ് മങ്ങിയല്ലോ.
മുകളിലത്തട്ടിൻപുറത്തു വളരുന്നു
കടവാതിൽ,കോക്കാനും പ്രാവുകളും.

നട്ടരാവിലവയുടെ ശബ്ദവു, മിരുജന്നൽ-
മിഴിതൻ തിളക്കവുമൊത്ത വേശ്മം,
ചലനവുമൊച്ചയുമില്ലാതുറങ്ങീട്ട-
മൂലകുഞ്ഞെട്ടിക്കും ദുസ്വപ്നമൂർത്തി.

പെരിയോരു തറവാട്ടുഗേഹമാണൊരുകാലം
വിരുന്നുകാരൊഴിഞ്ഞിട്ടില്ലവിടെയാരും.
അവിടത്തെത്തീറ്റിപ്പിലൊതുങ്ങാത്ത കുററമി-
ല്ലവിടെക്കനിയാത്ത ശീഷ്മില്ല.

ഒഴുകിപ്പോയ് കാല പ്രവാഹത്തിലൊക്കെയു-
മൊഴിവില്ലാതന്ത്യത്തിൽ പുരയിടവും.
ഒരു താങ്ങും തണലുമില്ലാതവശേഷിച്ചു-
തിരുകുലതന്തുക്കൾ-പെൺകുട്ടികൾ;
അവസാനമമ്മാമൻ ചാവോളം സംസ്കൃത-
മവരേറെ ഗ്രന്ഥങ്ങൾ വായിച്ചല്ലൊ.
പുരയിടം വാങ്ങിയ മുതലാളി, യവരോട്ടും
പുലയൻ പടിക്കലെ ചാത്തനോട്ടും
അവിടന്നിറങ്ങാൻ പറയാത്തകാരണ-
മവരിരുക്കൂട്ടരുമങ്ങു പാർത്തു.

പുരയുടെയൊരു മൂല കെട്ടിച്ചതിലാരു-
മറിയാത്തമട്ടിൽ കഴിഞ്ഞുപോന്നു.
ചിലവിന്നു വഴിയില്ലാതലയേണ്ട നിലയില്ലാ-
പ്പുലയനവർക്കൊരു തണലുമായി.

ജനനിയുണ്ടവനിയിലവനതു വിട്ടാലു-
ള്ള നജത്തിമാരായി 'തമ്പ്രാട്ടി'കൾ.
കുടിയിരുപ്പൊക്കെ ക്കിളച്ചവൻ നട്ടിട്ടും
നട്ടതല, തമ്പ്രാട്ടിമാർ നനയ്ക്കും.
അതുകൊണ്ടു ചിലവിന്നുള്ളൊരുവകയൊത്തിട്ടു-
മതുവിട്ടവൻ കൂലിപ്പണിയും ചെയ്യും.
ഇരവിൽ തുണയ്ക്കുകത്തവനുടെ തള്ളയും
പുറമെയക്കോലായിലവനും കൂട്ടും

കൊഴകൊഴത്തങ്ങപ്പൊരുത്തമാന്നിരുവരു-
മഴകുള്ള തരുണിമാരായതോടെ,
തരുണഹൃദയങ്ങൾ തുള്ളിക്കളിക്കയാ,
ണരുതവക്കൊന്നെത്തി നോക്കാൻപോലും.
ചട്ടുലമൈക്കണ്ണുക,ളധരപ്പവിഴങ്ങ,-
ളിടതൂന്നടിയെത്തും കാർകുന്തളം,
പിടിയൊതുങ്ങാത്ത മിനുത്ത പോർകൊങ്കകൾ,
തടിയുള്ള ജഘനവും കാൽത്തളിരും,
യുവകാമകിങ്കരർ നോക്കിസ്സഹിക്കാതെ
യവരുടെ കാല്ക്കൽ പതിക്കയായി.
പുരയുടമസ്ഥനാം നാട്ടിൻ പ്രമാണിക്കു-
ള്ളൊരുമകൻ വിടസംഘം നേതാവായി.

കനകാംഗിമാക്കൊളിത്തങ്കമല്ലംഗത്തി-
ലണിയണം താലികളതിനില്ലാരും.

അവരുടെ ചാരിത്രം വില്പനില്ല, കഷ്ടവാ-
നരുതിവക്കാത്തനുള്ള കാലം.
പുലയൻെറ ജീവനപായത്തിൻ വക്കത്തു
പലകുറി യെത്തിക്കടന്നു പോന്നു.

നെടുനാളത്തരളാക്ഷിമാരുടെ ചിന്തയിൽ
പ്പെട്ടുമൊരു പ്രശ്നമുണ്ടായിരുന്നു:-
'പുലയനും തരുണനാണവനുടെ ജീവിതം
തളിരിട്ടു പൂക്കണം കായ്ച്ചിടേണം;
ഹതഭാഗ്യർഞങ്ങൾതന്നഭിമാനവിളകാത്തി-
ട്ടിതുവരെ യവനുണ്ടായ് ശത്രുമാത്രം;
ഇവിടെയടുത്തൊരു ചെറുമിയെക്കെട്ടാനു
മവനില്ലാത്താക്കി യിക്കിങ്കരന്മാർ;
അതിദൂരം വിട്ടവൻ പോകാത്തതെങ്ങളെ-
ക്കരുതിയാ,ണെന്തിതിൻ മീതെത്യാഗം!
അതുമല്ല, ഞങ്ങളോടുണ്ടേവമപ്പിച്ച
ഹൃദയത്തിലെന്തോ മൃദുലഭാവം;
കുലജാതമാരാകും ഞങ്ങൾതൻ മാനസ-
തലഭാവതന്ത്രികൾ മീട്ടീടുവാൻ,
അതിഗൂഢമെന്തോ കഴിവുണ്ടിക്കരിമല്ല-
ന്നതു ഗതിമുട്ടിപ്പുറവതല്ല.
ഇവനൊരു ഗോപാലൻ, ഗീതങ്ങൾ പാടിയോ,-
നിവനിരു രാധകൾക്കുള്ള കൃഷ്ണൻ'.

ഇതുവിധമോരോരൊരു തീപ്പിലവരെത്തി;
മധുമാസമൊളിവിൽ നിന്നോടിയെത്തി.
മുഴമതിപെയ്യുന്നു, രാക്കുയിൽ പാടുന്നു,
മലർവായു വീശുന്ന പാതിരാവിൽ.
സുഖനിദ്രകിട്ടാതിറയത്തുരുളുമ്പോൾ
സുഖദമാമൊരു സ്വപ്നംകണ്ടു ചാത്തൻ-
ഇരുദേവകന്യമാരവനുടെ കണ്ഠത്തിൽ
നറുമലർ മാല്യങ്ങളർപ്പിക്കുന്നു;
എഴുന്നേല്പിച്ചവരോരോ കരവും പിടിച്ചഹോ
വഴികാട്ടി സ്വർഗ്ഗത്തിലെത്തിക്കുന്നു!

മണിയറപൂകിയ ചാത്തന്റെ ജീവിത-
മണിയുന്നുണ്ടാനന്ദ മഞ്ജരികൾ.
പതിതന്റെ വേർപ്പാൽകൊഴുത്തു മദിച്ചൊരാ-
മധുരാംഗമാണവൻ പുൽകിയെന്നാൽ,
വിടരാജമൌലികളിപ്പോയ നേതാക്കൾ-
ക്കിടിവെന്തു കാമകേളികളെന്ന്യേ!
ഹരിജനോദ്ധാരണഘോഷമാം വെണ്ണീററിൻ
മറയിലെരിയുന്ന കോപകനൽ
അവരെക്കുറിച്ചില്ലാപ്പുലയാട്ടു പാടിയി-
ട്ടിവരുതിക്കത്തിച്ചുകൊണ്ടിരുന്നു.
അതുക്രുടിക്കൂടിവരുമ്പോൾ മിനിഞ്ഞാന്നു
പതിവുപോൽ കൂടണഞ്ഞില്ല ചാത്തൻ.

ഇടവിടാതാശങ്കയുള്ള തന്നൊത്തുവെ-
ന്നിടനെഞ്ചു പൊട്ടിക്കരഞ്ഞു മൂന്നാം.

അവരുടെ 'ഭൂതക്കിണററി'ൻെറ വക്കത്തു-
ണ്ടുദയത്തിൽ പോലീസ്സും മററുള്ളോരും;
അതിലേക്കിറങ്ങുവാനാരാരുമുണ്ടായി-
ല്ലതിലുണ്ടു ഭൂതത്താൻ നീരാളിയും;
ഒടുവിൽ നിരീശ്വരവാദിയാമൊരു 'മാസ്റ്റർ'
നെടുകമ്പക്കയറുകളേച്ചുകെട്ടി,
ധരണിതന്നുദരത്തിൽ നിന്നുച്ചയായപ്പോ-
ളൊരുശവമേററി, ഹാ! ചാത്തൻ തന്നെ!
ജലമൊന്നുരണ്ടാൾക്കുള്ളാഴമുണ്ടെങ്കിലും
നിലകണ്ടാൽ മുങ്ങി മരിച്ചതല്ല.

ഇടിമുഴങ്ങുന്നപോ'ലിൻസ്പെക്ട'രൊററയ്ക്കു
മടുമൊഴിമാരോടു ചോദ്യം ചെയ്കേ
അഴലിൻെറ യാഴത്തിൽ നിന്നതിധീരമാം
മൊഴികളിലവരൂഹമൊക്കെയോതി.
വഴിപോക്കരജ്ഞന്മാരോതുന്നു, 'ഭൂതത്തിൻ
വഴിതടഞ്ഞെത്തിയ മാരണം താൻ'.
ചിലരൊക്കെസ്സാക്രുതം നോക്കുന്നുണ്ടപ്പോഴും
ചപലരാമിപ്പോയ നേതാക്കളെ.
അവരങ്ങേപ്പുറവും കണ്ടോതുന്നു കീറിയാ-
ശ്ശവമൊന്നു പരിശോധിക്കേണമെന്നായ്.

അവരറിയാത്തതല്ലാസ്സത്രി 'ഡോക്ടറെ';
അവരോത്ത്മട്ടഭിപ്രായവുമായ്.

പരിശോധിച്ചുള്ള മൃതഗാത്രമമ്മയ്ക്കു
മറചെയ്യാൻ വിട്ടുകൊടുത്തു,വെന്നാൽ
മരുവുന്ന പുരയിടത്തൊരുഭിക്കിൽ കുഴിവെട്ടാ—
നരുളിയില്ലനുവാദം കൊച്ചുതമ്പ്രാൻ.
ചുടലപ്പറമ്പിലേക്കെത്തിപ്പാനാക്ക്മി—
ല്ലിടയെന്ന മട്ടിലായ് ശ്രദ്ധതന്ത്രാം.
അവരിലപ്പുലയൻെറ വംശമുറങ്ങുമ്പോ—
ളവമാനമെന്തുണ്ടശ്ശവമേററുവാൻ!

കിഴവനാണെങ്കില്യ,മെന്നോട്ട നേരിടാൻ
കഴിവില്ലവൎക്കെന്നാൽ വൈകിപ്പോയ്ഞാൻ
ചതിയാലെൻഗതി പോക്കിക്കളയട്ടെ പ്ണമുള്ളോർ
ചിതയിലെൻ പിണമിതു തന്നെയോതും!"
പടുവൃദ്ധനോതിയ കഥയിതു കേട്ടവർ
നെടുവീൎപ്പിട്ടോരോ വഴിക്കുപോയി.

*     *     *     *

ചിലരന്നു പാതിരയ്ക്കായക്ഷികുന്നിലും,
വലിയൊരാൽനില്ക്കു മക്കുന്നിന്മേലും,
കലിപൂണ്ടുയൎന്നുയൎന്നാകാശം നക്കീട്ട—
മനലൻെറ നിലകണ്ടു പേടിച്ചുപോൽ!

*     *     *     *

പുലരിയിലഗ്ഗ്രാമവാസികളന്യോന്യം
പറയുന്നുണ്ടൊരു വൃത്തം ഗൂഢഗൂഢം–
“മൃതദേഹമെത്തിച്ചങ്ങിരുൾവരെ തരുണികൾ
ചിതകൂട്ടുന്നതിനുള്ള വിറകുണ്ടാക്കി,
ഇരവിലാളൊഴിവായതരമോർത്തു തീകൊടു-
ത്തിരുപേരും ചാടി മരിച്ചുവത്രെ!
വെളിവില്ലാതുഴലുന്ന കിഴവിയപ്പൊഴുതുതാൻ
വലിയൊരപ്പുര കത്തിച്ചതിൽ ദഹിച്ചു”.

* * * *

ഇടമിതു രണ്ടിലുമാണ്ടരുതിക്കിന്നും
ഞൊടിയിട തീയാളിക്കത്തിടുംപോൽ.*

---

*1126 ധനു 28-ാംനു-ത്തെ കേരളപ്രഭയിൽ
പ്രസിദ്ധപ്പെടുത്തിയതു്.

KOTTAYAM PUBLIC LIBRARY
KOTTAYAM.

# "അഴലിലും പാടും അഴകിന്റെ ഗാനം"

പരന്നുയർന്നൊരു ചെറു മൊട്ടക്കുന്നിൻ
പടിഞ്ഞാറായ്പ്പച്ച പിടിച്ചൊരുകോണിൽ
പതിഞ്ഞക്രൂണംപോലൊരുമാടം മത്തൻ
പടർന്നു പൂത്തലംകൃതമായിനില്പൂ.
അതിന്നല്പം കിഴക്കുയർന്നുപോം ദിക്കിൽ
മദയാനപോലുണ്ടൊരു കൂറ്റൻ പാറ.
അജപാലരിടയ്ക്കിരുന്നതിൻ ശൃംഗം
ഗജേന്ദ്രമസ്തകനിറമണിഞ്ഞു പോയ്.
ഒരു സന്ധ്യക്കതിൻ മുകളിലായ് മുണ്ടും
വിരിച്ചു ഞാൻ ചാഞ്ഞുകിടന്നു കാറ്റേല്ക്കാൻ.
പടർന്നുമുള്ളുകളൊരികലും വെട്ടാ-
തിടതൂർന്നങ്ങെഴും മുളങ്കാട്ടിലൂടെ
പിരിയുന്നാസൂര്യൻ ചൊരിയുന്ന തങ്ക-
ക്കിരണാഗ്നിയേറ്റേറ്റെരിയുന്നു കുടിൽ.
പുകയുമൊച്ചയു മുയർന്നതില്ലതി-
ന്നകത്തെരിയുന്ന വയറുമുണ്ടാകാം.

---

ജയഭാരതത്തിന്റെ 1950 സപ്തമ്പർ മാസത്തെ ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയതു്.

അതിനുടെ ചെററമറവാതിൽ തുറ-
ന്നതാ വരുന്നൊരു പുലയബാലിക.
അരുണിമയാന്ന വരുണദിക്കാകം
തിരശ്ശീലക്കെതിരിളമാനെപ്പോലെ,
കളിച്ചവരം തുള്ളിയടുക്കുന്നോ, പൊന്നിൽ
കുളിച്ചൊരു ദേവിപ്രതിമ നീങ്ങുന്നോ!
അതിത്തികരംമാത്രം തെളിഞ്ഞ വിഗ്രഹ*-
മതെന്നപോലവളടുത്തടുത്തെത്തി.
ചൊടിയെഴമവരംക്കുടുവസ്ത്രം മുട്ടി-
നാടുത്തെത്തും, വയസ്സൊരു പതിമൂന്നായ്.
കറുത്തൊളിമിന്നും മുഖത്തഭൌമനി-
ഷ്കളങ്കചൈതന്യമലയടിക്കുന്നു;
പ്രകൃതിതന്നുകളവരം കുളിച്ചിട്ടും
ചികുരത്തെച്ചിക്കി മിനുക്കിയിട്ടില്ല.
ചുകന്ന കല്ലുകോത്തണിഞ്ഞമാലയും
കറുത്ത പിച്ചളവളകളുംകാൺമു.

നടവഴിയൊന്നുണ്ടിഴഞ്ഞവളുടെ
കുടിൽമുതൽക്കൊരു വളഞ്ഞരേഖപോൽ,
മരുക്കുന്നിൻ മറുപുറം കടന്നുകക്കൻ
പറങ്കിമാന്തോപ്പിലണഞ്ഞു മായുന്നു.
അതുവഴിക്കെന്നൊക്കടന്നവരം കാററ-
ത്തലഞ്ഞുപോം കരിയിലകണക്കോടി.

---

* Silhouette

KOTTAYAM PUBLIC LIBRARY KOTTAYAM



കരട്ടപോൽ കുന്നിൻ നിറയിൽ നിന്നവൾ
മറയുമ്പോൾ ക്രൂക്കിവിളിച്ചു 'തന്ത'യെ.
പരിസരഗിരിനിരകളിൽ പ്രതി-
ധ്വനിച്ചുയരുമാസ്വരതരംഗത്തിൽ
അലിഞ്ഞുചേരുന്നണ്ടലഞ്ഞുമേഞ്ഞാല-
യണയുന്ന കന്നിൻ ഗളമണിസ്വനം.
മകളുടെ വിളിക്കനെക്ഷരംപൊങ്ങി
മറുപടിയായിട്ടാരോളി ദൂരവേ.

അഭൗമഭാവനാ വിമാനത്തിൽ പെട്ടെ-
ന്നഭംഗമംഗള പ്രയാണമാർന്നുഞാൻ.
പുരോഗമനത്തിൻ കവിയിവനേവം
പറകയോ! പാടില്ലിറങ്ങിയോക്കയായ്:-
"കഠിന ദാരിദ്ര്യക്കടലിങ്കൽ മുങ്ങി-
ത്തുടിക്കുമ്പോളുയർന്നിട്ടും വികാരത്താൽ,
ശപിക്കയായിടാ മിവനടക്കമു-
ള്ളഭിജ്ഞ കൃഷകഗണങ്ങളെയിവൾ.
അഴൽത്തഴമ്പാർന്നുള്ളിവളുടെ മന-
മഴകുകൾകണ്ടു തുടിക്കയില്ലേതും.
അരിയുമോടെന്തോ കറിയ്ക്കുമായ് വാങ്ങി-
പ്പുരയിലേക്കുവരെ വരായ്കയാൽ,
പിതാവിനെത്തടിഗ്ഗമിച്ചതായിടാം
പശിയടങ്ങാത്ത മൃഗംകണക്കിവൾ."

പലതുമിത്തരം നിനയ്ക്കവേ, ദൂര-
ത്തലകളായുയർന്നൊരു ഗാനം കേൾക്കായ്.

വലിയൊരാടിനെ നടത്തിയു, മതിൻ-
വെളുത്തകുഞ്ഞിനെ ചുമലിലേററിയും,
മലരണിക്കാട്ടു ചെടികളും പുല്ലും
പലതരം കെട്ടിത്തലയിലേന്തിയും,
ഇടക്കിടെ തുള്ളിക്കളിച്ചു, മപ്പുല-
ക്കിടാത്തിയെത്തുന്നതെന്തൊരു പാട്ടുംപാടി.
കൊട്ടുമുടിയുച്ചമുടിയിൽ വെൺമുകിൽ
തടഞ്ഞുള്ള വനഗിരി വരുമ്പോലെ
അഴലുകൾ മറന്നഴകിൻെറ ഗാനം
മുഴക്കിടുന്നതിൻ പിഴകളഞ്ഞോതാം:-

"നീലശൈലം തോളിലിട്ട
ചേലപോലെ മിന്നും
വെൺമുകിലിനൊക്കു മാടേ!
നിൻമഞ്ജുളഗാത്രം.
പൂത്തുനില്ക്കും കാനനത്തിൻ
മൂത്ത പുത്രിപോലെ
വാച്ചു കുററിക്കാട്ടിൻ മക-
ളിച്ചെടിക്കെട്ടാകെ".

അകതാരലതല്ല മലയുകികാനന്ദ-
ത്തികവുപോൽ ഗാനം വിനിർഗ്ഗളിക്കവേ
എനിക്കൊരത്ഭുത—മിവൾക്കു ജീവിത-
മനുദിനം സമ്പൽസമൃദ്ധമാണെന്നോ!
അതല്ല വാസ്തവ; മറിയുവാൻ ചോദി-
ച്ചതിന്നവൾ ചൊന്ന കഥ പറഞ്ഞിടാം:-

“നടപ്പു ദീനത്താൽമരിച്ചു രണ്ടാണ്ടി–
ന്നിടയ്ക്കു തായയും സഹോദരന്മാരും.
ഒരു മുത്തശ്ശിയുമിവളുമച്ഛനു–
മിരുകരങ്ങളാൽ പുലർന്നുപോരണം.
ഹരിജനത്തെയുദ്ധരിക്കുന്ന ‘തമ്പ്രാൻ’
പറഞ്ഞതുമൂലം പഠിക്കുന്നുണ്ടവൾ;
പഴങ്കഞ്ഞിയന്നു വെളുപ്പിനെല്ലാരും
കഴിച്ചതാണുച്ചയ്ക്കശിച്ചിട്ടില്ലൊന്നും;
എഴുത്തുപള്ളി വിട്ടുടനാററിൽ കുളി
കഴിച്ചജങ്ങളെയണയ്ക്കയാണവൾ;
പതിവുവിട്ടേറെക്കവിഞ്ഞു നേരമ–
പ്പിതാവരിവാങ്ങി വരുന്നതേയുള്ളു.”

കഥയിതെൻ ചിന്താഗതിമാററി, യെന്തു
കഥയില്ലാത്തൊരു പുരോഗാമിയിവൻ!
പരിചയിക്കുകിൽ വറുതിതൻ മൂർച്ഛ
കുറഞ്ഞിട്ടുമെന്നു മറിഞ്ഞതില്ല ഞാൻ.
അബദ്ധസിദ്ധാന്തക്കുഴിയിലാണ്ടിരു–
ന്നനുഭവത്തിന്റെ വെളിച്ചമേല്ക്കാതെ
നിസർഗ്ഗവാസനാ ഗതിക്കെതിരായ
നിഗമനങ്ങളെ ത്തഴുകിയിന്നോളം.
മുഴച്ച വാസ്തവം മിഴിയ്ക്കു മുന്നിലു–
“ണ്ടഴലിലുംപാട്ടും അഴകിന്റെ ഗാനം”

# ന്യായാധിപന്മാരുടെ മുമ്പിൽ

1 മറഞ്ഞു സൂര്യൻ; ഭുവനാന്തരത്തിൽ
തമസ്സുകേറി; കലുഷാംബരാന്തം
ബിംബിച്ചുതാ 'മംഗല'മാറു വെള്ളി-
പ്പാമ്പൊട്ടു മൂർച്ഛിച്ച വിധം കിടപ്പൂ.

2 ചീവീടു മൂളുന്നിതു കേറംപ്പു; മിന്നൽ-
പ്പിണക്കു പിമ്പായിടിയും ഗഭീരം.
വാവൽക്കലംതൂങ്ങിയ തീരവൃക്ഷം
ദചന്നങ്ങ 'കുത്തിച്ചുടുവൻ' കരഞ്ഞു

---

1941 ജൂണിലെ (2-ാം ലക്കം) മാപ്പിളറവ്യൂവിൽ പ്രസിദ്ധപ്പെടുത്തിയതു്.

1940 ആഗസ്റ്റ്മാസത്തിൽ പാലക്കാട്ടിന്നടുത്തുള്ള ആലത്തൂർ ഗ്രാമത്തിലെ ഒരു ബ്രാഹ്മണൻ തൻെറ എട്ടും പതിമൂന്നും വയസ്സു പ്രായമായ രണ്ടു പെൺകുട്ടികളെ മംഗലംപുഴയിൽ മുക്കി കൊല്ലുകയുണ്ടായി. വിവാഹം ചെയ്തുകൊടുപ്പാൻ പണമില്ലാത്തതുകൊണ്ടു ഈ കഠിനകൃത്യം ചെയ്തതാണെന്നാണു് പറയപ്പെടുന്നതു്. അയാളെ തെക്കെ മലയാളം സെഷൻസ്ജഡ്ജി തൂക്കി കൊല്ലുവാൻ വിധിച്ചു ഹൈക്കോടതി സ്ഥിരപ്പെടുത്തുകയും അപ്രകാരം വധിക്കുകയുംചെയ്തു. ഈ സംഭവം കാവ്യത്തിന്നു അവലംബമായെങ്കിലും, അന്നത്തെ വിചാരണയേയൊ അതിൽ പങ്കെടുത്ത വ്യക്തികളെയൊ ഏതെങ്കിലും സമുദായത്തെയൊ വിമ

3 ഇരുട്ടിലാരപ്പുഴവക്കിൽ മൂന്നു
മനുഷ്യരൂപം നിലകൊണ്ടിടുന്നു?
തെളിഞ്ഞു മിന്നൽപ്രഭയിങ്കൽ മദ്ധ്യ-
വയസ്ക്കനും ബാലികമാരുമെന്നായ്.

4 തടിൽപ്രഭാദ്ദ്യോതിത മപ്പുമാന്റെ
മുഖംവിളർത്തും സ്വയമേ ചുളിച്ചും,
കലങ്ങിമിന്നും മിഴിവട്ടമിട്ടും,
കേശങ്ങളസ്നിഗ്ദ്ധമഹോ പറന്നും,

5 ദന്തം ഞെരിച്ചും, തല കൈകൾകൊണ്ടാ-
ഞ്ഞമർത്തിയും, വേപഥുമേനിയാർന്നും,
കാണുന്നിതാ ജീവിത നാടകത്തിൻ
ദുരന്തഭാഗാഭിനയം കണക്കെ.

6 നിമേഷമഞ്ചാറിനിടയ്ക്കിറങ്ങി-
ക്കഴിഞ്ഞിതാററിൻ നടുവിങ്കൽ മൂന്നാൾ.
മറഞ്ഞുപെട്ടെന്നിരു പെൺകിടാങ്ങൾ
സ്ഫുരിച്ചു നീർപ്പോളകളാററിലും ഹാ!

7 നഭസ്സു നീരന്ധ്രഘനപ്പിളപ്പിൻ
വഴിയ്ക്കു ഗർജ്ജിച്ചഥ പല്ലിളിക്കെ,

---

ശിക്കുവാൻ ഉദ്ദേശിച്ചിട്ടൊന്നും എഴുതിയിട്ടില്ല. കേവലം ഭാവനാസൃഷ്ടി മാത്രമാണിതു്. കാവ്യോദ്ദേശം സാധിക്കാൻ കഥാഗതിയിൽ അല്പാല്പം വ്യതിയാനങ്ങൾ വരുത്തിയിട്ടുമുണ്ടു്.

ഉടുത്തവസ്ത്രം തലയിൽപ്പുതച്ച-
ങ്ങിരുട്ടിനാഴത്തിലൊളിച്ചിതായാൾ.

* * * *

8 പന്ത്രണ്ടു വാരങ്ങൾ കഴിഞ്ഞു; രണ്ടാം
രംഗത്തിലെ'ക്കട്ട്'നുയൻ പൊങ്ങി.
ഇരമ്പിടും പട്ടണ മദ്ധ്യഭാഗ-
ത്തുയൻ 'കോട്ടിൻ' മുറിയൊന്നു കാൺമൂ.

9 സമുന്നതസ്ഥാന മലങ്കരിച്ച-
ങ്ങിരുന്നിടുന്നു വിധിയാളനഗ്രേ,
വികാര തീക്ഷ്ണാകുലമമ്മഹാൻെറ
മുഖത്തു നീതിവ്യഥയുണ്ടനല്പം.

10 പാവങ്ങൾ തൻ നേട്ടമശേഷവും പാഴ്-
നീതിത്തറയ്ക്കൽ ബലിചെയ്തിടുമ്പോൾ,
അതൊക്കെയും കൊത്തിവിഴുങ്ങുവാൻ മുൻ-
വശത്തു വക്കീൽ ബലിഭുക്കിരിപ്പൂ.

11 അവക്കു പിമ്പായഴിയിട്ട ക്കൂട്ടിൽ
വിറച്ചുനില്ക്കും മനുജൻെറ കോലം
ശരിയ്ക്കു കാക്കാനിരുരക്ഷിയോധർ
നിറച്ച തോക്കേന്തി യുറച്ചു നിൽപൂ.

12 പാശ്ചാത്തിലുണ്ടള്ളൊഴിവായ നാലാ- *
ളിരിപ്പു നാട്ടിൻ വഴിയഭ്യസിച്ചോർ;

---

* Assessors

ത്തുക്കംപിടിച്ചിട്ടവർ സാക്ഷിയോത്തും
വാക്കിൻെറ മൂല്യം ശരിയായ് ഗണിക്കും.

13 ജിജ്ഞാസകൊണ്ടൊട്ടധികം ജനങ്ങൾ
തിക്കിത്തിരക്കിപ്പുഴുതറവു നില്ക്കേ,
കഴിഞ്ഞു നാനാവിധരായ സാക്ഷി-
ക്കരുക്കൾ ചേരും ചതുരംഗവെപ്പും.

14 ഒരാൾക്കു പിമ്പായുമിടക്കു കേറി-
ക്കയത്തുമേ വാക്‌സമരം നടത്തി
തളർന്നു നീതിപ്പടയാളിമാര-
ങ്ങിരുന്നു; നിശ്ശബ്ദതയാർന്നു രംഗം.

15 സുദീർഘമാം ന്യായസമർത്ഥനത്തെ-
ത്തുടർന്നുരച്ചാൻ വിധിയാളരേവം:-
"കൊലയ്ക്കു നീയുത്തരവാദി, മേലാ- *
ളുറച്ചുവെന്നാൽ മരണാർഹനായി."

16 വിളർത്തു വൈവശ്യമിയന്നൊരായാൾ
ഞെട്ടുന്നു പെട്ടെന്നു,ടനത്ഭുതംപോൽ
ചൈതന്യമാർന്നു നയനങ്ങൾ, ശുഷ്ക-
കണ്ഠത്തിൽ നിന്നോവ മുയർന്നു ശബ്ദം:-

17 "ജനിച്ചു ഞാൻ ബ്രാഹ്മണനായ്, മദീയാ-
ങ്കുരങ്ങൾ പെൺകുട്ടികളോ വളർന്നു;

---

* ഹൈക്കോടതിയെന്നും ആകാം.

അരിക്ക കാശില്ലിവനേത്തു മട്ടിൽ
ക്കഴിച്ചിട്ടും വേളികളെന്നുമായി!

18 സൗന്ദര്യസൗശീല്യവിഭൂഷ ഹേമ-
നാണ്യോപമം സ്ത്രീധനമല്ലയെന്നായ്;
കന്യാവ്രതം പാപമലീമസംപോൽ!
ഹാ! ഹാ! ദുഷിച്ചു സമുദായനീതി!

19 നിസർഗ്ഗലാവണ്യമൊടെന്റെ ജീവ-
രക്തം തുടിയ്ക്കും സുകൃതാങ്കുരങ്ങൾ
വളർന്നതേ മാതൃവിലോചനത്തിൻ
ചുടുന്ന നീർധാരകൾ മാത്രമേററും.

20 കളങ്കമില്ലാത്ത കിടാങ്ങൾ മുന്നിൽ
ക്കിടന്നിട്ടും വന്യപഥങ്ങൾ കാണ്കെ
ശ്രമാംബുവെൺമുത്തണിമെയ്യിലൂടെ-
ക്കടന്നു നൈരാശ്യതമിസ്രയുള്ളിൽ.

21 പെൺമക്കൾ തൻ ചാരുഗളത്തിലോരോ
വൻകല്ലുകെട്ടി പ്പുഴയിങ്കലാഴ്ത്തി,
ഉന്മത്തനായ് ഞാനരിയാടിപോലും
'മംഗല്യ സൂത്രത്തൊടു മംഗലത്തിൽ'

22 പിഴച്ചുപോയെന്നൊരു ബോധമുള്ളിൽ-
ക്കടന്നു പെട്ടെന്നിടിവാളിനൊപ്പം.
മജ്ജീവനാഡിദ്വയത്തുല്യർ പോയി-
ട്ടിജ്ജീവിതം ദുഷ്കരമെന്നുമായി"

23 “പറഞ്ഞിടാൻ നേരമിതല്ല, സാക്ഷാൽ
‘ദ്വിജത്വ’ലബ്ധിയ്ക്കിതു മാർഗ്ഗമാക്കൂ”
ഉരച്ചിതേവം വിധിയാളനപ്പോൾ
വലിച്ചു പോലീസ്സവനേ നടത്തി.

* * * *

24 കഴിഞ്ഞു തൊണ്ണൂറു ദിനങ്ങൾ, വീണ്ടും
തെളിഞ്ഞുപോയ് ബ്ഭീകരമൂകരംഗം.
തുറുങ്കിനെത്തൊട്ടമരുന്ന ഗൂഢ-
സ്ഥലത്തതാ തൂക്കമരം കരാളം.

25 കാക്കക്കലം മൗലിയിലാർത്തുകൂട്ട-
മാ ഘോര യന്ത്രത്തൊട്ടു ബദ്ധനായി
കങ്കാളതുല്യൻ നിലകൊൾവൂ ശൂന്യ-
വാനോന്മുഖൻ, രാക്ഷസനീതിയജ്ഞം!

26 ആ മട്ടിലും ശാന്തതയാർന്നു, മൃത്യു-
വക്ത്രത്തിൽ നിന്നോവ മുരച്ചിതായാൾ.
“സർവ്വത്തിനും കാരണമായ നീതി-
ന്യായാധിപൻ കേൾക്കുമിവന്റെ ‘യപ്പീൽ’”

# മണ്ണും പൊന്നും

ചുട്ടുപൊള്ളുന്ന വേനലും, പരി
ശുഷ്കമായ പ്രകൃതിയും,
വിട്ടണയട്ടെ വർഷമെന്നോത്തു
നാട്ടാരെല്ലാം തപിക്കുമ്പോൾ,
അന്നായക്കയായ് സഹ്യാദ്രി, കുളുർ
മന്ദമാരുത സന്ദേശം.
വിണ്ണിലെത്തുന്ന വർഷറാണിതൻ
മുന്നോടിയോട്ടും കാറുകൾ;
പിന്നിലായ് സൈന്യം വാളിളക്കുന്ന
മിന്നലുമങ്ങു കാണായി;
പെട്ടെന്നു ഭേരി കൊട്ടിയാചാർ-
തിട്ടമാം വെടിപൊട്ടിച്ചു.

എങ്ങും നഗ്നമാം പാടത്തിൻമുഖം
മങ്ങിനാണത്താലന്നേരം.

---

ജയഭാരതം മാസികയുടെ 1951 ആഗസ്റ്റ് ലക്കത്തിൽ
പ്രസിദ്ധപ്പെടുത്തിയത്.

'പച്ചയാം കച്ചനൽകും ഞാ'നെന്നു
ഹർഷമാർന്നോതി കർഷകൻ.

വീത്തലങ്കോലപ്പെട്ട ഗാത്രത്തിൽ
വേർത്തൊഴുകുന്ന വർത്തകൻ
കള്ളനും കാററുമെത്താത്ത മുറി-
യ്ക്കുള്ളിൽ ഗൂഢമായപ്പോഴും,
വിണ്ണിലാഞ്ഞേറും മാററങ്ങൾ കാണാ-
തെണ്ണുന്നു വെള്ളിനാണ്യങ്ങൾ.

അന്നു തൊട്ടാർദ്രരായി മേഘങ്ങൾ
മന്നിൽ സായൂജ്യം പ്രാപിച്ചു.
മണ്ണിന്നപ്പുതു വർഷമേകിയ
ഗണ്യമായൊരത്തുമണം,
മൂക്കിലെത്തിയ മാത്രയിൽ വീർപ്പു-
മുട്ടിക്കൊണ്ടോടുന്നു കർഷകൻ.

എട്ടടിയ്ക്കുവെ, പൂമെത്തയന്നും
വിട്ടെഴുന്നേററ വർത്തകൻ,
ഒട്ടിടയ്ക്കുള്ളിലെത്തുന്ന പണ-
പ്പെട്ടിതൻ മുന്നിൽ പ്രേതംപോൽ.
മണ്ണിലെ മാററം നിദ്രാലീനമ-
ക്കണ്ണുകളന്നും കണ്ടില്ല.

"അച്ഛാ! യെന്തൊരു ചന്തമാണിതെ-"
ന്നുച്ചത്തിൽ കളഭാഷണം
കേട്ടവത്സകൻ നോക്കുമ്പോളോമൽ-
ക്കുട്ടനങ്ങോട്ടോടിയെത്തുന്നു.
അങ്കിയൊക്കെയും പങ്കിലമായി
ശങ്കവിട്ടവൻ തുള്ളുമ്പോൾ,
പൊൻപരൽമീൻ പിടഞ്ഞിടും കുപ്പി
തൻ പാണിയിങ്കൽ മിന്നുന്നു.

വാത്സല്യം കോപമെന്നിവയുള്ളിൽ
വത്സകചിത്തമാട്ടുമ്പോൾ.
അച്ഛന്റെ ഭാവഭേദമോരാതെ-
യുച്ചത്തിൽ വത്സൻ ചൊൽകയായ്:-
"ചങ്ങാതിയായ രാമന്റെയച്ഛ-
നങ്ങപ്പാടത്തു പൂട്ടുമ്പോൾ,
തൊട്ട താമരപ്പൊയ്കയിൽ ജലം
തേടിയെത്തുന്ന വായ്ച്ചാലിൽ,
മൺചിറ കെട്ടി ഞാനും രാമനും
തഞ്ചത്തിലോട്ടും മത്സ്യത്തെ
മുണ്ടുവെച്ചു പിടിയ്ക്കുയായ്, മഴ-
യുണ്ടെന്നാൽ ഞങ്ങൾ ക്രുദ്ധമോ!
വെള്ളമുണ്ടിലിപ്പൊൻവരയുള്ള
വെള്ളിമീനുകൾ തുള്ളുമ്പോൾ

ഉള്ളവും തുള്ളി ഞങ്ങടാക്കാം,മട്ടിൽ.
തുള്ളു മച്ഛനങ്ങണ്ടെങ്കിൽ.
ഭാഗിച്ചിങ്ങു കിടച്ച മത്സ്യങ്ങ-
ളാകെയുണ്ടിതിൽ മിന്നുന്നു."

ഒററശ്വാസത്തിലിത്രയും ചൊന്നാ-
ക്കുട്ടിനിന്നു കിതയ്ക്കവെ,
പെട്ടെന്നാ കുപ്പി തട്ടിമേടിച്ചു
മററത്തേയ്യേറിഞ്ഞോതിനാൻ:-
"എന്തൊരു വേഷമാണിതെൻ കുഞ്ഞേ!
എന്തിന്നിപ്പണി ചെയ്തു നീ?
ഇച്ചളിവേഷം പററും രാമനു-
മച്ഛനും- മണ്ണിൻ മക്കൾ താൻ.
പച്ചമത്സ്യവും കീറിയുപ്പിട്ടു
വെച്ച വമ്പീനുമുള്ളപ്പോൾ,
പേമഴകൊണ്ടു കൊച്ചുമീനിനെ
ഓമനേ! നീ പിടിച്ചല്ലോ!
സന്നിബാധിച്ചു വീണാലിന്നൊത്ത
പൊന്നും പൈസ്സയും പോയ്പ്പോകും!
ഇപ്പണക്കുന്നിൻ മുന്നിലുല്ലന്നാ-
മപ്പിയ്ക്കും മണ്ണിൻ വേലക്കാർ.
മിന്നുന്ന ഭംഗി കണ്ടു നേടേണ്ട-
തെന്നു മിപ്പൊന്നു മാത്രമാം.

ഇപ്പോൾ പോയ് തോർത്തി മുണ്ടുമാറിനീ
കാപ്പി ശാപ്പിടാൻ നോക്കുക."

തതപവാക്യങ്ങളൊന്നും കേൾക്കാതെ
സ്തബ്ധനായ് നിന്ന ബാലകൻ,
ചെററകലത്തു മിന്നും പൊയ്കയെ,
മുററത്തു ചാട്ടും മീനിനെ,
വായ്ക്കുമശ്രുവിലൂടവേ മാറി
നോക്കുന്നു ശോകമൂകനായ്.

# ശോകഗാനവും പ്രേമദാനവും

ശോകാന്തചിന്തകൾ നൂററുന്നൂററന്നു ഞാ-
നേകനായ് മൂകനായ്പ്പോകയാണാവഴി.
പൊക്കത്തിൽക്കാട്ടുമരങ്ങളപ്പാതതൻ
വക്കത്തുനിന്നു നിഴൽവിരിച്ചീടവെ,
വേനലിൻ നട്ടുച്ചനേരത്തുമക്കനെൻ
മേനിയിൽ വർഷിച്ചു പൊന്നൊളി നാണ്യങ്ങൾ.
നീളെക്കിഴക്കോട്ടിഴഞ്ഞുപോയ് സഹ്യൻെറ
തോളിലേറും ജനശ്ശൂന്യമാം വീഥിയിൽ
പത്തിരുന്നൂറു തലമുറയാകിയ
പത്രങ്ങൾ മെത്തപോൽ ചത്തുകിടക്കവെ,
വൃക്ഷങ്ങൾ ചിന്തിയ രക്തബാഷ്പങ്ങളായ്
തെററിപ്പൂഴം, കുന്നി, മഞ്ചാടി, യാൽപ്പഴം.

അക്കൊടുംവെയ്ലിൽ മയങ്ങിക്കിടക്കുന്നു
നോക്കുന്ന ദിക്കിൽ ചരാചരമൊക്കെയും;
പച്ചിലക്കാട്ടിലൊളിച്ചുറങ്ങീടുന്നു
പക്ഷികൾ നിശ്ചല, മൊച്ചയില്ലൊന്നാനും;

---

1952 ഒക്ടോബർ 5-ാംനു- യിലെ 'മാതൃഭൂമി ആഴ്ചപ്പതിപ്പിൽ
പ്രസിദ്ധപ്പെടുത്തിയതു്.

കുട്ടിയെ മാറോടണച്ചു മയങ്ങുന്ന
മട്ടിൽ കരിങ്കുരങ്ങോട്ടല്ല ശാഖിയിൽ;
കണ്ണൊട്ടടച്ചു തണലിൽ കിടന്നിതാ
കന്നാലിക്കൂട്ടമയവിറക്കീടുന്നു;
ആർദ്രമായൊന്നുമില്ലക്കൊടും വിഭ്രാന്തി-
യാകിയ കാനൽജലമൊഴിച്ചെങ്ങുമേ.

അദ്ദസുഷുപ്തിയിൽ നീങ്ങുമെൻ കാതിൽവ-
ന്നെത്തുന്നു വേദനതൻ മധുരാലാപം.
ഭീകരശാന്തത ഭേദിച്ചൊഴുകുമ-
ശ്ശോകഗാനത്തോടിണങ്ങുമെൻ തന്ത്രികൾ
വന്നു മീട്ടുന്നുവോ സ്വപ്നലോകത്തിലെ
സുന്ദരഗായികമാ!--രങ്ങിരുന്നു ഞാൻ.
വിണ്ണിൽനിന്നെത്തിയതെന്തു നീ കിന്നരി,
മന്നിൻ ദുരിതങ്ങളീവിധം പാടുവാൻ?

"വാടിക്കരിയുമെൻ സോദരി! നിന്നെ ഞാൻ
പാടിയുറക്കുന്നുവെന്നു ഭാവിക്കയാം;
മേടയിലുണ്ണികളാടിയുറങ്ങുമ്പോൾ
പാടുന്ന പാട്ടുകളിങ്ങു യോജിക്കുമോ?
അച്ഛനുമമ്മയുമുള്ള കാലത്തു ഞാ-
നർത്ഥമറിഞ്ഞു പഠിച്ചോരപ്പാട്ടുകൾ
പൊള്ളയായ്ത്തോന്നുകയാണിന്നു, റക്കിന-
ല്ലെള്ളോളമെങ്കിലും വേണ്ടതിരക്കാനാം;

KOTTAYAM PUBLIC LIBRARY KOTTAYAM.

പണ്ടു ഞാൻ വേനലിലുണ്ടുറങ്ങീടുവാൻ
കണ്ടൊരിക്കോലായിൽ നീ ബലിജീവിയോ!

മാതാപിതാക്കൾതൻ ലാളനയേററു ഞാൻ
പാഠാലയങ്ങളിൽ പോകുന്ന നാൾകളിൽ,
തൊട്ടയൽത്തിക്കിലുള്ളോരോ യുവാക്കന്മാർ
'ഏട്ട'നായോമനിച്ചെൻകവിൾ നുള്ളുമ്പോൾ
തൂകിയ പുഞ്ചിരിയ്ക്കുള്ളിലുറങ്ങിയ
ഭീകരഗജ്ജനം കേട്ടതില്ലന്നു ഞാൻ.
ആരാരുമില്ലാത്ത പാവമിക്കന്യക
താരുണ്യകണ്ണടവെച്ചിന്നു നോക്കുമ്പോൾ
അന്നത്തെയാങ്ങളമാരുടെ പുഞ്ചിരി-
യ്ക്കിന്നുപോലന്നുമുണ്ടുഗ്രവിഷജ്വാല;
പ്രച്ഛന്നവേഷം വലിച്ചെറിഞ്ഞിന്നവ-
രിച്ഛപോൽ കാമക്കുതിരമേലെത്തുമ്പോൾ
വന്മതിൽക്കെട്ടു പൊളിഞ്ഞൊരെൻ ചാരിത്ര
ദുർഗ്ഗത്തിനുള്ളിൽ ഞാനേകയാം പോരാളി;
മാറുമടവറിഞ്ഞപ്പപ്പൊളിന്നോളം
ധീര ചാന്ദ്ബീബി*യെപ്പോലടരാടി ഞാൻ.

"അച്ഛന്റെ വേർപ്പുനീർ പച്ച പിടിപ്പിച്ച
കൊച്ചുപറമ്പു ചുടലയായ് നമ്മൾക്ക്;
'ചാവണ,മല്ലെങ്കിൽ കൊച്ചനുജത്തിയായ്
തേവിടിപ്പെണ്ണിവൾ നാടുവിട്ടോടണം.'

---

* 1595-ാം ആണ്ടിൽ അഹമ്മദ് നഗരത്തെ മുഗിളരിൽ നിന്നു രക്ഷിപ്പാൻ ധീരമായി പോരാടിയ രാജവനിത.

ഏവമുരയ്ക്കുന്ന ബന്ധുക്കളാണല്ലോ
ഭാവിയിൽ നമ്മളെ രക്ഷിച്ചിടേണ്ടവർ!
വട്ടങ്ങൾ കൂട്ടുകയാണിവരിസ്ഥലം
തട്ടിയെടുത്തെന്നെയാട്ടിയോടിയ്ക്കുവാൻ;
തേവിടിപ്പെണ്ണെന്ന മുദ്രകുത്തീട്ടകി-
ലാവതുണ്ടിപ്പണി വേഗത്തിലാക്കുവാൻ;
'വൻപുഴക്കുത്തേററ മൊട്ടു വിടരുമോ?'
തുമ്പി തുളച്ചൊരിളംകായ് വളരുമോ?'
വായാടിപ്പെണ്ണുങ്ങളന്യോന്യം കോപത്തി-
ലായിരംവട്ടമെറിയുമീ വാക്കിന്റെ
മൂർച്ചയറിവാൻ തുടങ്ങുന്നതിപ്പൊഴാ-
ണൊാച്ചപൊങ്ങാത്തൊരെൻ ഹൃത്തിൽ പതിയ്ക്കു
പൂരുഷരക്ഷാകവചമില്ലാത്തൊരെൻ [മ്പോൾ.
നേരെയയച്ചീട്ടമീയൊളിയമ്പുകൾ
ഏതു പരിശുദ്ധിതൻ പടച്ചട്ടയും
ഭേദിയ്ക്കുമന്ത്യക്കൊട്ടും വിഷബാണമായ്:
ഗർഭിണിയാകിയ സീതയാം രാജ്ഞിയെ
കാട്ടിലോടിപ്പാൻ പ്രയുക്തമീയായുധം.
ഏന്തിയെതിക്കുമെൻ ബന്ധുജനങ്ങളോ-
ടെന്തൊന്നു ചെയ്യുമിസ്സാധുവാം കന്യക!

പത്മിനീറാണി ചിതാഗ്നിയിലെന്നപോൽ
പട്ടിണിത്തീയ്യിൽ ഞാൻ വെണ്ണീറായ്ത്തീന്നാലും
ഗാത്രമാം പാവനക്ഷേത്രമശുദ്ധമായ്
ധാത്രിയിൽ വീഴാനനുവദിയ്ക്കില്ല ഞാൻ.

എല്ലും തൊലിയുമാം നിന്നിലേയ്ക്കെൻ മെയ്യി-
ലുള്ള ചൈതന്യം പകർത്താൻ കഴിഞ്ഞെങ്കിൽ
സോദരി! നീയാകും ദീപം തെളിഞ്ഞെന്ന
മോദമോടിന്നു ഞാൻ ചാമ്പലായ് വീണെനെ!"

ആടലിൻ രാഗമിതെന്നന്തരാത്മാവി-
നാഴത്തിൽ ഭാവപ്രവാഹമുണ്ടാക്കവെ,
പെട്ടെന്നു നവ്യപ്രചോദനമുണ്ടായ
മട്ടിലെല്ലാം മറന്നങ്ങോട്ടു പാഞ്ഞുഞാൻ.
മാനവക്കേററം മധുരമായ്ത്തോന്നുന്ന
ഗാനങ്ങളാതങ്കപൂരിതഗാഥയോ!

പാട്ടൊഴുകീട്ടുമുറവിടം പാഴ്മര-
ക്കാട്ടിലൊളിച്ചൊരു കൊച്ചുകുടീരകം
കല്ലാലരച്ചു മിനുക്കിയ കോലായി-
ലല്ലലിൻ തേജോവലയത്തിലോമലാം
വാടിത്തളന്ന തൻ കൊച്ചനുജത്തിയെ-
പ്പാടിയുറക്കുന്ന മട്ടിലിരിക്കയാം.

മാന്യമാം വേഷത്തിലെന്നാലു,മന്നത്ത-
മാനസനെന്നപോൽ ഞാനട്ടത്തെത്തവേ
പാട്ടങ്ങു നിർത്തി, യക്കുട്ടിയെത്തോളിലേ-
യ്ക്കിട്ടവളോട്ടമായ് പെട്ടെന്നകത്തോട്ടായ്.
വ്യാഘ്രത്തെക്കണ്ടൊരു മാൻപേടപോലവ-
ളാഗതനെൻഗതി സൂക്ഷിച്ചുനോക്കവേ
ആത്മാർത്ഥഭാവത്തിൻ ശൃംഗത്തിലേറി ഞാ-
നാത്മാർപ്പണം ചെയ്തു ചൊൽകയായീവിധം:

"ശുദ്ധയാം ഗ്രാമീണകന്യകേ, നിൻ ശോക-
ദഗ്ദ്ധഹൃദയത്തിൻ ഗാഥകൾ കേൾക്കയാൽ
വിത്തകുമാരിയെ വിട്ടിതാ നിന്നിൽ ഞാൻ
ബദ്ധാനുരാഗനായ്, ദുഃഖാത്മമോഹിനി!–",
എന്നുടെ വാക്കുകളന്യന്റെയെന്നപോൽ
വന്നുപതിച്ചിതെൻ കണ്ണിലത്ഭുതം!
വാസ്തവലോകത്തിലേയ്ക്കുണർന്നുള്ള ഞാൻ
നിസ്തുലം വീണുകിടക്കയാം കോലായിൽ;
പെട്ടെന്നവൾ വാതിൽ കൊട്ടിയടയ്ക്കുമ്പോൾ
പെട്ടിതെൻ നോക്കിലാ ഭീരുമൃഗാക്ഷികൾ.

# ഭാവതന്ത്രികൾ സ്പർശിച്ചപ്പോൾ

ക്രൈസ്തവസംസ്കാരത്തിൻ നിർമ്മലാന്തരീക്ഷത്തിൽ
നിസ്തുലസദാചാരസൗരഭ്യം പരത്തിയ
കുലീനകുടുംബത്തിൽ ജനിച്ചു വളർന്നിട്ടും
നിലീനനാണിന്നയാൾ ഭൗതികവാദങ്ങളിൽ.
വിപ്ലവമഹാജ്വാല വമിക്കും പ്രസംഗത്താ-
ലത്ഭുതാവേശം ജനക്കൂട്ടത്തിനുണ്ടാകുമ്പോൾ
ആരുമോർക്കാറില്ലയാൾ പണ്ടൊരു പുലർകാല-
ത്താരുപോൽ പരിശുദ്ധബാലനായിരുന്നെന്നായ്.

ഭക്തയാം മാതാവിൻെറ ശിക്ഷണത്താലന്നൊരു
ഭക്തനായ് വളർന്നാർക്കും സന്തുഷ്ടിയേകീയവൻ;
നിത്യവുമുൾക്കൊണ്ടീടും ദിവ്യകാരുണ്യ*മവ-
'നൾത്താരിൻ കുമാരരി‡ലഗ്രഗണ്യനുമായി;

---

* Holy Communion.

‡ Altar Boys.

1952 ഫെബ്രുവരിയിലെ ജയഭാരതത്തിൽ
പ്രസിദ്ധപ്പെടുത്തിയത്

‘മെയ്’’മാസ§പുലർകാലപ്പൂക്കളാൽ മാല്യംകെട്ടി
ശ്രീമേരീപ്രതിമമേലാഭക്തനർപ്പിക്കുമ്പോൾ,
പാവനഹാരം മോക്ഷരാജ്ഞിതൻ മാറിൽച്ചേർത്ത
ഭാവനകൊണ്ടാക്കൊച്ചുകണ്ണുകൾ നനഞ്ഞുപോം!
ശാന്തസുന്ദരോഷസ്സിൽ മന്ദമാം കുളുർകാററിൽ
നീന്തിയെത്തിടും ഗ്രാമപ്പള്ളിതൻ മണിനാദം
കാതിലെത്തിയാലേതോ സ്വർഗ്ഗീയസംഗീതത്താൽ
നീതനായപോലവൻ പള്ളിയിലേയ്ക്കായോടും.

പള്ളിയ്ക്കുള്ളിലും പുറവും പെരുന്നാൾദിനങ്ങളി–
ലെള്ളോളം പഴുതില്ലാതാളുകൾ തിരക്കുമ്പോൾ,
മുററത്തു ചന്തയ്ക്കുള്ളിൽ പീപ്പികൾ വിളിയ്ക്കുമ്പോൾ,
ഹൃത്തുണരാത്ത ജപം പള്ളിയിൽ മുഴങ്ങുമ്പോൾ,
‘അൾത്താരി’ലഹോ! കൂട്ടിൽ പ്രതിമാവ്യാജത്തിനാൽ
ക്രിസ്തുവും ശ്രീമേരിയും സിദ്ധരും രാജിക്കുമ്പോൾ,
അങ്ങിടയ്ക്കലങ്കരിച്ചുള്ള പൂച്ചെടിയ്ക്കുള്ളിൽ
ഭംഗിയിലെങ്ങും ദീപംനിരന്നു കത്തീടുമ്പോൾ,
പട്ടുകുപ്പായമണിഞ്ഞൊട്ടേറെപ്പുരോഹിതർ
പാട്ടുകുർബ്ബാന*യ്ക്കേറിപ്പാട്ടുകൾ പാടീടുമ്പോൾ,
പാട്ടിനോടിണങ്ങുന്ന കൊട്ടുകൾ വാദ്യങ്ങളും
കൂട്ടമായൊരു ദിക്കിൽ പാട്ടുകാർ‡ മുഴക്കുമ്പോൾ,
ചെമ്പട്ടുകുപ്പായങ്ങളിട്ട ‘ദർശനക്കാരും’
മുമ്പിലാമട്ടിൽ പൂജാബാലരും നീങ്ങീടുമ്പോൾ,

---

§ May is the month set apart for special devotion to Blessed Virgin Mary, Mother of Christ.
* High Mass. ‡ Church Choir.

കുന്തുരക്കത്തിൻ ധൂമമമാറാലയ്ക്കകത്തംത്താർ
സുന്ദരസുരഭില സ്വപ്നഭ്രുവായിട്ടമ്പോൾ,
കൊച്ചുമാലാഖപോലാ ബാലകനാനന്ദത്തിൻ
പൊൻചിറകടിച്ചേറിപ്പോകുന്ന സ്വർല്ലോകത്തിൽ!

പിന്നെയും വളന്നപ്പോളേകനായലഞ്ഞവൻ
കുന്നുകളേറും, കാണും പ്രകൃതിപ്രഭാവങ്ങൾ;
മൂകഗംഭീരങ്ങളാം മഞ്ഞണിശ്ശൈലങ്ങളും,
ഭീകരപാരാവാരമലറും പ്രദേശവും,
അദ്ധ്ഗോളാകാരത്തിൽ ഭൂമിമേൽ കമിഴ്ത്തിയ
മൃദുതാരകപ്പൂക്കളെണിഞ്ഞ വിഹായസ്സും
കണ്ടുകണ്ടതിൻ പിന്നിലുള്ള സ്രഷ്ടാവിൻ ശക്തി-
മണ്ഡലങ്ങളോത്താർദ്രനയനം തുടയ്ക്കുവോൻ!

വഷങ്ങളുഴിഞ്ഞുപോയ്; യൗവ്വനംപിന്നിട്ടപ്പോൾ
ഹഷദായകമൊന്നും കാണാതായവൻ പാരിൽ;
ജീവകാരുണ്യം തുടിക്കുന്ന ഹൃത്തോടെ സഹ-
ജീവികൾക്കുള്ള സുഖദുഃഖങ്ങളന്വേഷിച്ചാൻ;
ശക്തന്മാരശക്തരെ, വിജ്ഞന്മാരജ്ഞന്മാരെ,
സ്വത്തുകാർ നിസ്സ്വന്മാരെ-ചൂഷണമെങ്ങും ചെയ്യ്താർ.
വ്യക്തിയായ്, സമൂഹമായ്, രാഷ്ട്രമായ്-ശാസ്ത്രീയമാം
ശക്തി സംഭരിച്ചീമട്ടലകാ തകക്കുമ്പോൾ
സ്നേഹത്തിൻപേരിൽ മതസംഘങ്ങളുയത്തുന്ന
കാഹളധ്വാനം വനരോദനമാണെന്നോത്താൻ.
ഇന്ദ്രിയവേദ്യങ്ങളാം മതകമ്മത്തിൽ ഭക്തി
തോന്നാതായവൻ മൂകപ്രകൃതി നോക്കാതെയായ്.

"മന്നിലെക്കണ്ണീർ തുടച്ചുണ്ണാനമൂട്ടക്കാനും
തന്നെയെങ്കിലും വേഗമെല്ലാക്കുമുണ്ടാക്കണം"
ഇത്ഥമോത്തവൻ 'മാർക്സിൻ' സിദ്ധാന്തം മുതൽക്കുള്ള
പുസ്തകം വായിക്കയായുണ്ണാതെ,യുറങ്ങാതെ.

സവ്വരാജ്യവും സ്വർഗ്ഗമാക്കണമെന്നല്ലാതെ,
സവ്വാധിപത്യം നേടാനാഗ്രഹമവന്നില്ല;
മിന്നുമുന്നതലക്ഷ്യം കണ്ണുകൾ ചിന്നിക്കയാൽ
വന്യഭീകര രക്ഷാമാർഗ്ഗങ്ങൾ കണ്ടില്ലവൻ.

ഒരുനാളലച്ചേറും ജനലക്ഷത്തോടയാൾ
പറയും പ്രസംഗത്തിലാവേശമററത്തെത്തി:
മതകമ്മങ്ങളെല്ലാം മയക്കമരുന്നെന്നും,
കൊതിയപ്പുരോഹിതർ ചൂഷകന്മാരാണെന്നും,
ഇന്ദ്രിയഭോഗ്യങ്ങളായ് കാണ്മതിൻ മീതെയൊന്നും
മന്നിലില്ലെന്നും, പരലോകമില്ലെന്നും മററും.
തട്ടിവിട്ടപ്പോളഭിനന്ദം കാട്ടുന്ന കൈ-
കൊട്ടലാൽ നീണ്ടന്ത്യത്തിൽ പിരിഞ്ഞൂ സമ്മേളനം

ശാന്തമായ് രംഗ;മായാൾ താന്തനായത്തേ ദിക്കിൽ.
മന്ദമാരുതനേററു പത്രങ്ങൾ വായിക്കയായ്.
മൂന്നുപനേതാക്കന്മാരത്ഭുതാക്ഷിയാലഭി-
നന്ദിച്ചാ വീരാത്മാവേ നോക്കിയങ്ങിരിക്കുന്നു..
അന്തിച്ചോപ്പൊളി മിന്നും നേതാവിൻ മുഖം പെട്ടെ-
ന്നെന്തുമൂലമോ മങ്ങി;കാരണമന്വേഷിച്ചാർ:

"ട്രോട്സ്കിയെ*വധിച്ചു ഹാ! സ്റ്റാലിൻെറ
ചാരന്മാർ പോൽ!
റഷ്യയിൽപ്പുരോഹിതൻ രക്തസാക്ഷിയായത്രെ!"
മ്ലാനമാം മുഖവുമായ് ക്ഷീണിച്ച സ്വരത്തിലീ-
വാണികൾ പറഞ്ഞയാളെണീററു നടന്നപ്പോൾ,
പിന്നിലായ് നിഴൽപോലെ പോകുന്ന സഖാക്കന്മാ-
രൊന്നുരചെയ്താ മൗനം ഭഞ്ജിക്കാനുററച്ചില്ല.

നിരയായ്നില്ക്കും കുന്നിൻ ചെരുവിൽക്കൂടി നട-
ന്നൊരു ദിക്കണഞ്ഞപ്പോൾ ഗാനമൊന്നവർ കേട്ടു.
ക്രൈസ്തവദേവാലയമുണ്ടട്ട,ത്തതിൽനിന്നു-
മെത്തുകയാണോ വാഴ്വിൻ||സ്വർഗ്ഗീയഗീതാമൃതം!
ചിന്തയാമുപലങ്ങൾ യുക്തിതൻ സിമെൻറിൽ വാ-
ത്തന്തരംഗത്തിലുറപ്പിച്ച കോൺക്രീററാക്കയും
അലയേററുടയുന്നോ ശോകചിന്തയോടിട-
കലന്നാഗാനം ഭാവപ്രവാഹം തുറന്നപ്പോൾ!

---

* ജോസഫ് സ്റ്റാലിനോളം തന്നെ റഷ്യൻ വിപ്ലവത്തിന്നു ഉത്തരവാദിയായ ഒരു കമ്മ്യൂണിസ്റ്റ് നേതാവ്. ആദശത്തിൽ സ്റ്റാലിനിൽനിന്നും കുറെയൊക്കെ ഭിന്നനായ അദ്ദേഹത്തെ ആരാധിക്കുന്ന അനവധി ആളുകൾ റഷ്യയിൽ ഉണ്ടായിരുന്നു. ഏകച്ഛത്രാധിപത്യത്തിൽ ആരോഹണം ചെയ്ത സ്റ്റാലിൻ ആദശശാലിയായ തൻെറ എതിരാളിയെ നാട്ടിൽനിന്നോടിച്ചുവെന്നു മാത്രമല്ല മെക്സിക്കോയിൽ അഭയം പ്രാപിച്ചിരുന്ന അദ്ദേഹത്തെ ചാരന്മാർ മുഖേന വധിപ്പിച്ചുവെന്നുമാണറിയപ്പെട്ടന്നതു്.

|| Benediction.

പോരെങ്കിലതാ മണിഗോപുരത്തിങ്കൽനിന്നും
ധാരയായൊഴുകുന്നു മണിയൊച്ചയാം ഗാനം.
മൂകസാനുക്കൾപോലുമേററതു പാടീട്ടുമ്പോൾ
ലോകരക്ഷകൻ ക്രൂശിൽത്തൂങ്ങുന്ന രൂപംകണ്ടാൻ!

എന്തൊരത്ഭുത! മയാളോട്ടുന്നു പറയാതെ
ബന്ധുരദേവാലയവാതായനത്തിൻ നേക്കായ്;
പകച്ചന്യോന്യം നോക്കിപ്പിന്നെയാപ്പോക്കും നോക്കി-
സ്സഖാക്കളെവിടത്തിൽ തൂണുപോൽ നിലകൊണ്ടാർ!!

# *ഭടന്റെ സ്വപ്നം

കാഹളം മുഴങ്ങുന്നു, ഞങ്ങൾതൻ രണഭൂവി-
ലാഹവം കുറച്ചിട നിറുത്താൻ സമയമായ്;
അന്തിച്ചോപ്പണിഞ്ഞുള്ള മേഘങ്ങൾ മങ്ങിത്താഴ്ന്നു;
സുന്ദരതാരാജാലം കാവലിന്നണിനിന്നു;
അററമില്ലത്രയ്ക്കേറെ വീണ ഭയാധരിൽ മുറി-
യേററവർ മരിക്കുന്നു, ക്ഷീണിതരുറങ്ങുന്നു.

ചെന്നായ്ക്കളകന്നാടർക്കളത്തിൽശ്ശവം കാക്കാൻ§
വഹ്നികുണ്ഡങ്ങളെരിയിച്ചതിന്നടുത്തായി
വിരിവൈക്കോലിൽ പാതിരാവിൽ ഞാൻ മയങ്ങുമ്പോ-
ളൊരു ത്രിമധുസ്വപ്നം കണ്ടുഞാൻ വീണ്ടും വീണ്ടും,–

"ഭീകരരണാങ്കണം വിട്ടുതിദ്ദൂരദ്ദൂര-
മേകാന്തശ്ശൂന്യധ്വാവിലൂടെ ഞാനലഞ്ഞുപോയ്
പ്രപിതാമഹന്മാർതൻ ജീവിതനിശ്വാസങ്ങൾ
പ്രസരിച്ചീടും മമ ജന്മഗേഹത്തിൻനേർക്കായ്.

---

* തോമസ്സ് കേമ്പെൽ എന്ന ആംഗ്ലേയ മഹാകവിയുടെ "The Soldier's Dream" എന്ന ഖണ്ഡകവിതയുടെ സ്വതന്ത്ര വിവർത്തനം.

1952 ആഗസ്റ്റ് 15–ാംനു-യിലെ "തൊഴിലാളി" വിശേഷാൽ പ്രതിയിൽ പ്രസിദ്ധപ്പെടുത്തിയതു്.

§ യുദ്ധഭൂമിയിൽ വീഴുന്ന ശവങ്ങളെ ചെന്നായ്ക്കൾ തിന്നാതെ കാക്കുന്ന വിധം.

ശരല്ക്കാലത്തിൻവെയിലേററ വീഥിയിലൂടെ-
യൊരുമട്ടണഞ്ഞപ്പോൾ സ്വാഗതമേകിവീട്ടിൽ.

ജീവിതത്തിൻെറ പുലർകാലയാത്രയിൽ ഏത്തിൽ
പൂവിട്ടം ബാലോചിതവികാരത്തുടിപ്പുമായ്
പലവട്ടവും നടന്നുള്ളൊരാ വയൽതോറു-
മലയാൻ കുതിച്ചുഞാൻ മധുരസ്മൃതിയോടെ.
കൊയ്ത്തുകാർ മധുരമായ് പാടുന്ന പണ്ടെപ്പോലെ,
പേത്തുമെൻ കാട്ടാടുകളുച്ചത്തിൽ കരയുന്നു.

പിന്നെ ഞാൻസന്തുഷ്ടനായ് വീഞ്ഞു‡പാത്രവുംപിടി-
ച്ചെന്നുടെ കരയുന്ന ബന്ധുക്കളേയും വീട്ടം
എന്നെന്നും പിരിഞ്ഞീടില്ലെന്നൊരു സത്യംചെയ്കെ
എന്നെ വന്നെൻകുഞ്ഞുങ്ങൾ ചുംബിച്ചു തെരുതെരെ.
ഏത്തടത്തിങ്കൽ തിങ്ങും വികാരത്തള്ളിച്ചയാ-
ലത്യച്ചം കരഞ്ഞവമോതിയെൻ പ്രിയപത്നി:-
'ഞങ്ങളോടൊന്നിച്ചങ്ങുനില്ക്കണേ, പോയീടൊല്ലേ;
അങ്ങയോ ക്ഷീണിച്ചുപോയ്, വിശ്രമമെടുക്കണേ!'
പോരിനാൽ തകന്നുള്ള യോദ്ധാവു നാട്ടിൽനില്ക്കാൻ
കാരണമതുതന്നെയാണെന്നു നടിക്കവേ,
ആത്തനായുദയത്തിലുണന്നാൻ കഷ്ടം! കഷ്ടം!
നേത്തകന്നുപോയ് സ്വപ്നശ്രുതികേട്ടൊരാശബ്ദം.

---

‡ യൂറോപ്യൻ രാജ്യങ്ങളിൽ സത്യംചെയ്യുന്ന ഒരു സമ്പ്രദായം.

# നീതിയും സേവയും

നട്ടവേനലിൻ വാട്ടം തട്ടുമഗ്രാമത്തിന്റെ
വെട്ടുപാതയിൽക്കാററുമേററു ഞാനലാത്തുമ്പോൾ
മകരക്കൊയ്ത്തൊക്കെയും തീൎന്ന പാടത്തിൻ ശൂന്യ-
മുഖമങ്ങിങ്ങായ് മിന്നി വെള്ളരിത്തോട്ടങ്ങളാൽ

പൂക്കളും കായും ചേൎന്ന തോട്ടമൊന്നതാ പാത-
വക്കിലായധ്വാനത്തിൻ കീൎത്തിമുദ്രയെപ്പോലെ.
ഒട്ടകന്നായിക്കാണും ചെറുമച്ചാളയ്ക്കുള്ളിൽ-
പ്പെട്ടവരെല്ലാമതിൽ വേലകളെടുക്കുന്നു.
ഗൃഹനായകൻ പത്നിയൊത്തതി ദൂരത്തുള്ള
കിണറിൻ ജലംകോരിയെത്തിച്ചു നനയ്ക്കുന്നു.
മൂത്തകുട്ടികൾ തടംമാറ്റുന്നു വളംചേൎക്കാൻ;
മൂത്തകായകൾനോക്കി ത്തുള്ളുന്നുണ്ടിളയവർ

മിന്നുന്ന 'കാറൊ'ന്നന്തിച്ചോപ്പണിഞ്ഞതിവേഗം
വന്നണഞ്ഞതു നിന്നു തോട്ടത്തിന്നടുത്തായി.
വയലിൻ കരയ്ക്കാൾക്കാ,രങ്ങപൂൎവ്വമാം കാറിൻ
വരവങ്ങിങ്ങായ് നിന്നു ജിജ്ഞാസയോടിക്ഷിക്കെ,
അത്ഭുതമത്തു നിന്നി,ട്ടമിട്ടിൻ ഗുളികപോൽ
സുന്ദരകിശോരന്മാരിറങ്ങിപ്പാഞ്ഞിടുന്നു.

---

1953 ഡിസമ്പർ 15-ാംനം-യിലെ 'മലയാളി'യിൽ
പ്രസിദ്ധപ്പെടുത്തിയതു്.

പച്ചിലക്കാട്ടിന്നുള്ളിൽ സ്വർണ്ണവാളങ്ങൾപോലെ
നിശ്ചലമുറങ്ങുന്ന വെള്ളരിക്കായും പിഞ്ചും
വള്ളികളശ്രദ്ധയാൽ ചവിട്ടിപ്പറിക്കുമ്പോ–
ളുള്ളു കളദ്ധ്വാനിച്ച പിള്ളക്ക് പൊള്ളീടുന്നു.
ഒരുവൻ ധൈര്യം പൂണ്ടു തടയാനടുത്തപ്പോ-
'ളരുതെ'ന്നൊരു നോട്ടംകൊണ്ടവ്വൻ വിലക്കയായ്.

അന്നാട്ടുകാരൻ 'ജഡ്ജി' കോടതിയൊഴിവിന്നു
തന്നുടെ കുടുംബത്തോടൊന്നിച്ചു വന്നീടുമ്പോൾ
വെള്ളരിത്തോട്ടം കണ്ടു തുള്ളുമപ്പിള്ളക്കുള്ളി–
ലുള്ളൊരാഗ്രഹം തീർക്കാൻ കാരുനിത്തിയെന്നാകിൽ
തന്നുടെ ഭാഗ്യോദയമാണതു, 'സായ്പെ'ന്ന പോൽ
തന്നിടുമുദാരമാം സംഖ്യയെന്നോർത്താൻ പാവം.
കരിമ്പിൻ തോട്ടത്തിലൊട്ടാനകൾ കടന്ന പോ–
ലൊരുമാത്രയിൽ തോട്ടം തകർത്തു വികൃതികൾ.

എന്നെയങ്ങോട്ടു വിളിച്ചാ 'ജഡ്ജി' ചോദിക്കയോ–
ണന്നൊന്നു നിലവാരം വെള്ളരിക്കായ്കൾക്കെന്നായ്.
കുട്ടികളശിച്ചുള്ള കായ്കൾ തന്നെണ്ണംക്കൂട്ടി,
നാട്ടിലന്നവയ്ക്കുള്ള മൂല്യവും കണക്കാക്കി,
നീതിമാൻ ന്യായാധിപൻ ദൂരത്തുനിന്നിടുന്ന
സാധുവെ വിളിച്ചെന്തോ നൽകുവാൻ ശ്രമിക്കവേ,
"കാശേകിയവമാനിയ്ക്കോല്ലേ!"യെന്നുരച്ചുംകൊ–
ണ്ടംശത്തിന്നധികാരി*യെത്തുന്നു കിതച്ചോടി.

---

* Village Munsif- എന്നും പാർവ്വത്യക്കാരൻ എന്നും അറിയപ്പെ
ടുന്ന ഗ്രാമോദ്യോഗസ്ഥൻ.

"ഏമാൻെറ മക്കൾ തമാശായിയെൻ കണ്ടത്തിലെ
കായകൾ പറിപ്പതിന്നീയുള്ളോക്കു്ഭിമാനം;
പാവത്തിൻ വിയപ്പ്ശനീർ മുത്താക്കി മാററും തവ
ദേനയാലൊഴിപ്പിച്ച തന്നാതീനിലമല്ലോ;
അങ്ങയെ ഭയോത്തിച്ചേറുമക്കൾ തൻ വിയപ്പും ഞാ-
നിങ്ങൊരുവിധം മുത്തായ്മാററീട്ടമിപ്പോൾത്തന്നെ."

"പത്തിലും കായ്കൾമാത്രം തിന്നിവരുപേക്ഷിച്ചു,
മൂത്തവയെല്ലാം; പക്ഷെ നീതിചെയ്യണം കേട്ടോ!"
എന്നുരച്ചുടൻ കാശുകീശയിലിട്ടാ ജഡ്ജി
നന്ദിയോത്തയാളോട്ട കുശലം ചോദിക്കയായ്.

പിന്നെയക്കാറോടിപ്പോയ്, ക്രുദ്ധനായധികാരി
ചൊന്നിതപ്പാവത്തിനോ,"ടെന്നെ നീ ചതിച്ചേനെ!
എന്തെടാ, തമ്പ്രാൻപത്തു വെള്ളരിപറിച്ചെങ്കിൽ
വൻതുക നേടാനത്ത തഞ്ചമെന്നോത്തോ കള്ളാ!
മൂത്തോരീകായ്കൾ വേഗമെത്തിക്കുകെൻ വീട്ടിൽ നീ,
മൂത്തശ്ശിയതിനേകും വററുകൾ മുത്തായ്ക്കാണ്ടു."

ഏറെയാണെന്നോ 'ജഡ്ജി' നാലണയെടുത്തതു!
ചാരവേ നിന്നിട്ടു ഞാൻ കണ്ടതാണ,തോത്തപ്പോൾ
നീണ്ടൊരു പ്രസംഗമെൻ തൊണ്ടയിലുയന്നിട്ടും
മിണ്ടിയി–ല്ലെൻ പുത്രനുമുണ്ടന്നു 'ലാകോളേജിൽ'

സിന്ദൂരമണിച്ചക്രവാളത്തിൻ നേക്കായൊരു
ബിന്ദുപോൽ മറയുമക്കാറിനെ നോക്കിത്തന്നെ,

നില്ക്കുമാച്ചെറുമക്കളെൻ ദൂരദൃഷ്ടിക്കപ്പോൾ
ഉല്ക്കടാകുലമർത്ത്യച്ഛായയായ് വിളങ്ങുന്നു.
സന്തപ്തരവർവീഴ്ത്തും കണ്ണുനീരപ്പോൾ ലോക-
ബാന്ധവകരങ്ങളിൽ പുഷ്യരാഗമായ് വീണു.

---

# *സ്നേഹത്തിന്റെ വേദന

ബ്രഹ്മാണ്ഡാഖണ്ഡാജീവപ്രഭയുടെ കിരണം
ചേർന്ന മൂൽപ്പിണ്ഡമല്ലോ
കർമ്മാധ്വാവിങ്കലൂടെ ത്വരയൊടു ഗമനം
ചെയ്തിടും മർത്ത്യരെല്ലാം;
പാഴ്മണ്ണിൽപ്പെട്ടു മങ്ങാതണയണമവിടെ
ത്തന്നെയീരശ്മി ബാഹ്യ-
ബ്രാഹ്മണ്യം ശക്തമാവില്ലിരുസഹജമയൂ-
ഖങ്ങൾ തമ്മിൽപിരിപ്പാൻ 1
എന്നാലെന്താണെനിയ്ക്കിന്നനുഭവ, മതുല
സ്നേഹമാർന്നോരൊരാളോ-
ടൊന്നിച്ചെൻ ജീവിതത്തിൻ മധുരിമകലരും
നാളനേകം കഴിച്ചു,

* തിരുവനന്തപുരത്തു ലോകോളേജിൽ പാഠിക്കുന്ന കാലത്തു ഞാൻ സഹപാഠിയായ ഒരു നമ്പൂതിരിയുവാവിന്റെ ആത്മസ്നേഹിതനായി. അവിടെനിന്നു വിട്ടതിന്നു ശേഷവും ആ ബന്ധം തുടർന്നു പോന്നു. കുറേ കൊല്ലങ്ങൾക്ക് ശേഷം, അദ്ദേഹത്തിന്റെ വിവാഹത്തിന്നുള്ള ക്ഷണപത്രം കിട്ടി. 'സ്നേഹിതന്നു വിവാഹസമ്മാനങ്ങൾ എന്തായിരിക്കും ഉചിതമെന്നും എപ്പോൾ ഏതുവഴിക്ക് വിവാഹപ്പന്തലിൽ എത്തിച്ചേരേണമെന്നും ആവേശത്തോടെ ചിന്തിച്ചുകൊണ്ടിരിക്കെ, അദ്ദേഹത്തെത്തന്നെ യദൃ

ഇന്നാണക്കല്യനാത്മപ്രണയിനിയെ വരി
യ്ക്കുന്ന,തെന്നോട്ടരച്ചാൻ:-
"പോന്നാലോ പന്തി ദേചരില്ല,ഖിലവുമഭിവീ
ക്ഷിക്ക സങ്കല്പദൃഷ്ട്യാ." 2
കേൾക്കുന്നോ വാദ്യഘോഷം, തരളിതമനമേ!
ഭ്രാന്തിയാണി,ത്ര ദൂരം
കേൾക്കില്ല്യ,ന്നാലുമാജ്ഞയ്ക്കനുസരണമതും
ഭാവനാവേദ്യമല്ലോ;
ആൾക്കാരെത്തുന്നു നാനാതര,മവരെ യഥാ
യോഗ്യമായ് സ്വീകരിപ്പൂ,
വേൾക്കേണ്ടും സന്മുഹൂൎത്തത്തികവിനു പടഹ
ധ്വാനവും പൊങ്ങിടുന്നു. 3
ഏങ്ങും പുഷ്പങ്ങൾ ചിന്നിസ്സുരഭിലമവിടം,
ഹോമകുണ്ഡത്തിൽനിന്നും

---

ച്ഛയാ കണ്ടെത്തി. "നിങ്ങൾ വരേണമെന്നനിക്കാഗ്രഹമുണ്ട്. പക്ഷെ ഞങ്ങളുടെ ആചാരപ്രകാരം നിങ്ങളെ പന്തിയിലിരുത്താൻവയ്യ. അതുകൊണ്ടു് വരാതെ ഭാവനകൊണ്ടു് അതിൽ പങ്കുകൊള്ളണം." എന്നപേക്ഷിച്ചു. എന്റെ ഉത്സാഹത്തള്ളിച്ചയിന്മേൽ "ഷോക്ക്" തട്ടിയപോലെയായി. എങ്കിലും ഞങ്ങളുടെ സൌഹാർദ്ദം പിന്നെയും അണുപോലും കുറയാതെ തുടന്നുപോന്നു. ദൌർഭാഗ്യവശാൽ രണ്ടുകൊല്ലത്തിന്നു ശേഷം അദ്ദേഹത്തിന്റെ പത്നി മരിച്ചു. ഞാൻ അദ്ദേഹത്തെ ആവുന്നതും സാന്ത്വനപ്പെടുത്തി. ആദ്യത്തെ ആറുശ്ലോകം ആ വിവാഹദിവസത്തിൽ എഴുതിയതാണു്.

KOTTAYAM PUBLIC LIBRARY KOTTAYAM.

പൊങ്ങുന്നു ധൂമ,മൊന്നിച്ച വികലമധുരം
മന്ത്രനിർഘോഷഘോഷം;
തങ്ങും മന്ദാക്ഷഭാവത്തോടു നവവധുവ
ദ്ധന്യകാന്തന്റെ കയ്യിൽ
ഭംഗ്യാ കൈത്താരണച്ചിട്ടിരുവരുമവിടെ
ചുററിട്ടുംമട്ടു കാണ്മൂ. 4

ഒന്നോർക്കുമ്പോൾ കുതിയ്ക്കുന്നിതു മമ മനമാ
ഭൂതകാലത്തു, വഞ്ചീ-
കേന്ദ്രോ*പാന്തത്തിൽമിന്നും വിജനസുഭഗവി
ശ്രാന്തരംഗത്തിലേക്കായ്:
അന്യോന്യം കൈകൾകോർത്തന്നൊരുദിനമവിടെ
ശ്ശാന്തകുഞ്ജാന്തരത്തിൽ
ചെന്നാൻ ഞാൻ തോഴനൊത്ത,പ്പൊഴുതിണപിരി
പക്ഷിതൻ പാട്ടുകേൾക്കായ് [യും 5

പെട്ടെന്നെൻ തോഴനോതീ,"ചിരമിരുളിൻ മറ
ഞ്ഞെത്തുഭാവിയ്ക്കുകത്തുകൾ-
പ്പെട്ടേനെൻവേളി, യെന്നാണിവനൊട്ടമവൾ വേർ
പെട്ടു കേഴുന്ന"തേവം:
വേട്ടിട്ടുള്ളീയിവൻചൊന്നിതു "മമസഹജാ!
ബ്രഹ്മചാര്യാശ്രമം പി-
ന്നിട്ടാലോ സ്വപ്നലോകസ്ഥിതഗൃഹമതിലെ
സ്സർവ്വസൗഭാഗ്യവും പോയ്." 6

---

* തിരുവനന്തപുരം

തള്ളിക്കേറുന്ന പൂർവ്വസ്മരണകളധുനാ
ശോകപശ്ചാത്തലത്തിൽ
പൊള്ളിയ്ക്കും ചിത്ത,മെന്നാല്പിടിവുകളരുളും
സ്നേഹവായ്പിന്നുപോലും,
കൊള്ളില്ലിച്ചിന്തയൊന്നും, കലുഷിതമനമാ
ന്നുള്ള ഞാനിന്നു മാമൂൽ-
ത്തൊള്ളയ്ക്കുള്ളിൽക്കുടുങ്ങും സഹജനൊട് സമം
വിദ്യയില്ലാത്തവൻ താൻ. 7

* * * * * *

വർഷങ്ങൾ പാഞ്ഞൊഴിഞ്ഞന്നൊരുദിനമിവനാ
മിത്രഗേഹത്തിൽ യാത്രാ-
ക്ലേശം തീർക്കാനടുക്കുന്നളവിലകലെയായ്
പ്പൊങ്ങിടുന്നു ചിതാഗ്നി;
ആശ്വാസപ്രാഴ്വചസ്സി,ങ്ങിരുമിഴികൾ നിറ
ഞ്ഞോതി ഞാൻ-ഓർമ്മവന്നോ
ബാഷ്പം വീഴ്ത്തുന്നതോഴ നിണയൊടുപിരിയും
പക്ഷിയെക്കണ്ട രംഗം! 8

---

1952 ആഗസ്റ്റ്മാസത്തിലെ 'ജയഭാരത'ത്തിൽ
പ്രസിദ്ധപ്പെടുത്തിയതു്.

# ശുദ്ധിപത്രം

| പേജ്ജു | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| 1 | 2 | പ്രകൃത്യംബേ | പ്രകൃത്യമ്മേ |
| 1 | 14 | ടി | ടി |
| 12 | 11 | ദിന്ദ്മുഖം | ദിങ്മുഖം |
| 14 | 17 | ജ്ജൂബ | ജ്ജൂബ്വ |
| 16 | 21 | നിലയില്ല്ലാ | നിലയിലാ |
| 17 | 9 | കൊഴുത്തങ്ങ | കൊഴുത്തംഗ |
| ,, | 20 | വിടസംഘം നേതാവ് | വിടസംഘനേതാവ് |
| 25 | 19 | മോടെന്തോ | മൊട്ടെന്തോ |
| 27 | 15 | മൂർച്ഛ | മൂച്ഛ് |
| 36 | 16 | തേടി | തേട്ടി |
| 43 | 9 | മാനവക്കേററം–ഗാഥയോ | “മാനവക്കേററം....ഗാഥയോ” |
| 44 | 10 | ഭീരുമൃഗാക്ഷികൾ | ഭീതമൃഗാക്ഷികൾ |
| 47 | 13 | വർഷങ്ങളഴിഞ്ഞു | വർഷങ്ങളിഴഞ്ഞു |
| 48 | 8 | രക്ഷാമാർഗ്ഗം | രക്തമാർഗ്ഗം |
| 48 | 15 | വിട്ടപ്പൊളഭിനന്ദം | വിട്ടപ്പോളഭിനന്ദനം |
| 49 | 10 | വായ്വിൻ | വാഴ്വിൻ |
| 55 | 22 | ബിന്ദൃ | ബിന്ദു |
| 57 | 1. | അഖണ്ഡാജീവ | അഖണ്ഡജീവ |
| 59 | 3 | ഭാവത്തോടു | ഭാവത്തൊടു |
| ,, | 16 | ഭാവിഷ്ക്കർത്തൃകൾ | ഭാവിഷ്ക്കർത്താൾ |

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

*Cl No.* B810 *Acc. No.* 70693

This book should be returned on or before the date last stamped below.

MA10 70693

ഭാനു. ഒ. പി.

അഴലിന്റെ നിഴലിൽ